
കഥാചന്ദ്രിക.

പുസ്തകം ൩. ഫൻവ്വ ജൂൺ ലക്കം ൫൦.



"Jesus taught them many things in parables." (Mark 4-2.)

"യേശു അവരെ പലതും കഥാന്തരേണ പഠിപ്പിച്ചു." (മർക്കോസ് ൪-൨.)

പത്രാധിപർ: ഫാദർ ജേക്കബ് നടുവത്തുശ്ശേരിൽ.

വിഷയവിവരം.

1. മംഗളം.
2. മാപ്പിപ്പായുടെ ശുശ്രൂഷി.
3. കർതൃപ്രാർത്ഥന.
4 മുദ്രാമുദ്രം (അദ്ധ്യായം ൨)
5. പ്രാൻസിനിയുടെ മാനസാന്തരം.
6. ഒമ്പതു വെള്ളിയാഴ്ചകൾ.
7. മഹമ്മദീയരും വി. കുമ്പാനയും.
8. സാധുക്കളുടെ സ്നേഹിതൻ.
9. ഒരു കൊലപാതകൻറെ മാനസാന്തരം.
10. തിരുഹൃദയഭൂവം
11. ഇംഗ്ലണ്ടിലെ കത്തോലിക്കർ.
12. ഒരു മംഗളപത്രം.
13. കൃതജ്ഞതാപ്രകാശനം.
14. ഇൻഡർസ്ട്രിയൽസ്കൂൾ, തൃശൂർ.

"റാസഞ്ചൻ" എന്ന ദിവ്യൗഷധം.

അകമേയും പുറമേയുമുള്ള എല്ലാത്തരം വേദനകളും, ക്ഷയം, ക്ഷീണം ആസ്ത്മാ, പുണ്ണ് എന്നിവകളും, വിവിധതര മുറിവുകളും, വ്രണങ്ങളും, ക്ഷതവുകളും സുഖപ്പെടുത്തുന്ന ഒരു സിദ്ധൗഷധം.

വാതവും, ഞരമ്പുകളും മാംസപേശികളും സംബന്ധിച്ച രോഗങ്ങളാൽ കൊണ്ടു കഷ്ടപ്പെടുന്നവർക്കു 'റാസഞ്ചൻ' സാക്ഷാൽ ഒരു അനുഗ്രഹം തന്നെയാണ്. വില ഡപ്പി ഒന്നിനു ൫ ക. സാമ്പിൾ ഡപ്പിക്കു ൨ ണ. മാത്രം. തപാൽ കൂലി മുതലായതു പുറമെ. ഉപയോഗിക്കേണ്ട ക്രമം ഡപ്പിയോടുകൂടി ഉണ്ടായിരിക്കും.

ഏജണ്ടന്മാരെ അവശ്യമുണ്ട്. അപേക്ഷിക്കേണ്ടതും മേൽവിലാസം.

ഐ. ജി. ഫ്രാൻസിസ്, കൊച്ചി. OR

സേക്രഡ് ഹാർട്ട്സ് ഡിപ്പോ, എറണാകുളം.

പുതിയഡിപ്പോ. മിതമായവില.

കുമ്പാനക്കുപ്പായം, കാപ്പ മുതലായ തിരുവസ്ത്രങ്ങൾ, കൊന്ത, കാൽത്തുരുപം, മെഴുതും വലുതുമായ കടലാസുരൂപങ്ങളും കൊത്തുരൂപങ്ങളും, ഇംഗ്ലീഷിലും മലയാളത്തിലും തമിഴിലുമുള്ള പ്രാർത്ഥനപുസ്തകങ്ങളും, മറ്റു മതഗ്രന്ഥങ്ങളും, ഇവയെല്ലാം എറണാകുളം മെത്രാപ്പോലിത്താച്ചൻ തിരുമനസ്സിലെ അരമനയുടെ അടുത്തു തെക്കുവശത്തു ബ്രോഡ്വെയിലുള്ള കെട്ടിടത്തിൽസ്ഥാപിച്ചിരിക്കുന്ന തിരുഹൃദയഡിപ്പോയിൽ മിതമായവിലയ്ക്കു വിൽക്കപ്പെടുന്നു. വിലവിവരപ്പട്ടിക (Price List) ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കുന്നതും അതിൽനിന്നു കൂടുതൽ വിവരങ്ങൾ അറിയാവുന്നതുമാണ്.

മാനേജർ തിരുഹൃദയഡിപ്പോ,—എറണാകുളം.

വരിക്കാർ അറിവാൻ:— വരിപ്പണം ഇനിയും തന്നിട്ടില്ലാത്തവർ ജൂലായി മാസത്തിനുമുമ്പു അതു അയച്ചുതരണം. അല്ലാത്തപക്ഷം അവർക്കെല്ലാം അടുത്ത ലക്കം വി. പി. യായി അയയ്ക്കുന്നതാണ്. (ക. ചാ. പ.)

കഥാചന്ദ്രിക.

എറണാകുളം സെൻറ് മേരീസ് സി. വൈ. എം. എ. യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നതു്.

പുസ്തകം ൨. | ഫെബ്രുവരി ജൂൺ. | ലക്കം ൫.

മംഗളം.

ക്രൂശിൽത്തുങ്ങിമരിച്ചിവക്കു ഗഗനാ-
വാസസ്ഥലത്തെത്തുറ-
ന്നാശിസ്സേറിയയത്നവന്മംശിഹാ
നാഥന്റെപൊൽപ്പാദമെ!
വാശിയുള്ള വശംകെടുത്തിയിവനിൽ
പ്പെട്ടുള്ള ഹങ്കാരവും
നീക്കിത്തെല്ലുസുഖത്തൊടെന്നെയരികിൽ-
പ്പാപ്പിയ്ക്കുവാൻകെഞ്ചിടാം.

(ശ്രീമാൻ ആർ. ആൻറണി തൊമ്മലത്ത്.)

മാപ്പാപ്പയുടെ ശുശ്രൂഷി.

(ശ്രീമാൻ ഫിലുമേന കരിമ്പുറത്തു്)

മൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യാഹ്നത്തിൽ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തെ അലങ്കരിച്ചിരുന്ന സിക്സ്തസ് മാപ്പാപ്പയുടെ കാലത്തു ലോറൻസ്സ് എന്നു പേരോടുകൂടിയ ഒരു ബാലൻ റോമയിൽ എത്തി.

ഈ ബാലൻ തന്നെയാണ് ഇന്നു തിരുസഭയാൽ പുണ്യവാന്മാരുടെ ഗണത്തിൽ വണങ്ങപ്പെടുന്ന വിശുദ്ധ ലോറൻസ്സ്.

ജനനാൽ സ്പെയിൻ കാരനായിരുന്നുവെങ്കിലും കുട്ടിക്കാലത്തുതന്നെ റോമിലേക്കു പോയി മാപ്പാപ്പയുമായി പരിചയപ്പെടുന്നതിന്നു ഈ ബാലനു ഭാഗ്യം സിദ്ധിച്ചു. കുറഞ്ഞൊരു കാലത്തിന്നുള്ളിൽ അവിടെ ഇവൻ തന്റെ മാതൃകാജീവിതത്താൽ മാപ്പാപ്പയുടെ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനാകയും ക്രമേണ മാപ്പാപ്പയുടെ കുമ്പാനയിൽ സംബന്ധിക്കുന്ന വിശ്വസ്തശുശ്രൂഷിയായി വത്തിച്ചുപോരുകയും ചെയ്തു. അവസരം കിട്ടുമ്പോളൊക്കെയും രോഗികളേയും, അഗതികളേയും സന്ദർശിച്ചു സാന്ത്വനോക്തികളാൽ അവരെ ആശ്വസിപ്പിക്കാറുമുണ്ടായിരുന്നു. ഇതു നടത്തിപ്പിരുന്നതു വളരെ ശ്ലാഘ്യമായിട്ടായിരുന്നു. എന്നാൽ ഈവക സൽകൃത്യങ്ങൾ ഏറെനാൾ തുടർന്നുകൊണ്ടിരിക്കുവാൻ സംഗതിയായില്ല. താമസംവിനാ തന്റെ പുണ്യപരിപൂർണ്ണതയേയും വിശ്വാസസ്ഥൈര്യത്തേയും ലോകപ്രഖ്യാപനം ചെയ്യേണ്ടതായി വന്നു. ഇതു തന്റെ പരീക്ഷയുടെ ഒരു ഘട്ടമായിരുന്നു. ഈ പോരാട്ടത്തിൽ അദ്ദേഹം വിജയിയായി ഭവിച്ച വസ്തുത നമ്മുടെ യുവാക്കന്മാർക്ക് ഒരു ഉത്തമ ദൃഷ്ടാന്തമായി പരിശോഭിക്കുന്നതാണ്.

പതിവ്രാം വർഷം ആഗസ്റ്റ് മാസം ഒരു ദിവസം രാവിലെ സിക്സ്ത്തൂസ് മാപ്പാപ്പാ അർപ്പിച്ച പരിശുദ്ധ ബലിയിൽ ശുശ്രൂഷിച്ചതിന്നു ശേഷം ലോറൻസ്സ് പട്ടണത്തിലേക്കു പോയി. അവിടെ താൻ കണ്ടകാഴ്ച ഭയാനകമായിരുന്നു. സമാധാനത്തിൽ പരിലസിച്ചിരുന്ന ജനതതിഭയവിഹ്വലന്മാരായി നാനാഭാഗത്തേക്കും പായുന്നു. രാജകീയ കക്ഷികളിൽ ഒരു ഭാഗം വൈദികരേയും, മെത്രാന്മാരേയും തടവുകാരായി പിടിക്കുന്നു. മറെറാരുകൂട്ടം പള്ളികൾ, സന്ന്യാസാശ്രമങ്ങൾ മുതലായ സ്ഥാപനങ്ങളെ തട്ടിയുടച്ചു് നിലം പതിപ്പിക്കുന്നു. ഭ്രഷ്ടത്തുക്കൾ അന്യായമായി ശവമേൽനടിലേക്ക് കണ്ടുകെട്ടുന്നു. വിശ്വാസികളെ കഠിനമായി മർദ്ദിക്കുന്നു എവിടെ നോക്കിയാലും ഭയങ്കരംതന്നെ. മറെറാരു വഴിയേ ചെന്നപ്പോൾ ഒരു വന്ദിച്ച ഘോഷയാത്രയെ കാണുന്നു. ജനബാഹുല്യത്തിൽനിന്നു പുറപ്പെട്ട നിന്ദ്യമായ അട്ടഹാസം പട്ടണമാസകലം മാറെറാലികൊണ്ടു. അതിന്റെ മുന്നണിയിൽ ഒരു കൊടിയിന്മേൽ "കൃസ്ത്യാനികൾക്കു മരണം" എന്നു് എഴുതപ്പെട്ടിരിക്കുന്നതു കണ്ടു. ഉടനെ ലോറൻസ്സ് ആ ജനക്കൂട്ടത്തിലേക്കു തിക്കിക്കയറി, തടവുകാരാക്കപ്പെട്ട വൈദികരേയും, മെത്രാന്മാരേയും അവരുടെ മദ്ധ്യത്തിലായി പരിശുദ്ധ

പിതാവിനേയും കാണുന്നു. മാപ്പാപ്പായെ ബന്ധനസ്ഥനാക്കി ഉന്തിത്തള്ളി കൊണ്ടുപോകുന്നതിന്റെ കണ്ടമാത്രയിൽ ലോറൻസ്സ് ഇപ്രകാരം നിലവിളിച്ചു ചോദിച്ചു. "ഓ! എന്റെ പിതാവെ, അവിടന്നു അങ്ങേയുടെ കുഞ്ഞിനെ കൂടാതെ—അതെ അവിടത്തെ ശ്രുശ്രൂഷിയെ കൂടാതെ—എവിടെക്കാണു പോകുന്നതു്? അവിടന്നു എന്നെ കൂടാതെ പരിശുദ്ധ ബലി അർപ്പിച്ചിട്ടില്ലല്ലോ. എന്നാൽ ഈ ബലിയിൽ എന്നെ കൂടാതെ അവിടന്നതന്നെ എഴുന്നള്ളുവാൻ ഞാൻ എന്തപരാധമാണു് അങ്ങേയോടു ചെയ്തതു്?" ഇതുയും പറഞ്ഞതിനിടയ്ക്കു് ലാറൻസ് മാപ്പാപ്പായുടെ സമീപം എത്തിക്കഴിഞ്ഞു. അപ്പോൾ പരിശുദ്ധ പിതാവു തന്റെ സ്നേഹത്തിന്നടുത്ത നേതൃത്തെ തന്റെ ശ്രുശ്രൂഷിയുടെനേരെ തിരിച്ചു അവനെ സമാധാനിപ്പിക്കുവാൻവേണ്ടി "മൂന്നു ദിവസങ്ങൾക്കുള്ളിൽ നമുക്കു വീണ്ടും കാണാം" എന്നുമാത്രം പറഞ്ഞു. മാപ്പാപ്പായുടെ ഈ വചനങ്ങളിൽനിന്നു ഭാവിയിൽ ഉണ്ടാവാൻപോകുന്ന ഭയങ്കരതയെപ്പറ്റി അദ്ദേഹം ഗ്രഹിച്ചുവെങ്കിലും ഒട്ടും അധൈര്യപ്പെട്ടില്ല. വി. പൌലോസു് പറഞ്ഞവിധത്തിൽ "എന്നെ ധൈര്യപ്പെടുത്തിയ ആളിനുവേണ്ടി എല്ലാം ചെയ്യാൻ എനിക്കു കഴിയും" എന്നു ലാറൻസ് പറഞ്ഞു. വിധിമണ്ഡലത്തിലേക്കുള്ള ജനാവലിയുടെ യാത്ര തുടർന്നുകൊണ്ടിരുന്നു. അപ്പോൾ മാപ്പാപ്പാ ലോറൻസിനെ വിളിച്ചിട്ടു് പൊന്നു വെള്ളി മുതലായ ലോഹങ്ങൾകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള വിശുദ്ധ പാത്രങ്ങൾ വിറ്റു് അതിൽനിന്നു കിട്ടുന്ന സംഖ്യ അഗതികൾക്കു വീതിച്ചുകൊടുപ്പാൻ കല്പിച്ചു.

വിധിയനുസരിച്ചു് സിക്സ്റ്റസ് പാപ്പായെ ശിരഛേദനം ചെയ്തു. അതുവരെ ലോറൻസ് ദൈവഹിതത്തിന്നു കീഴ്പ്പെടുത്തി പ്രാർത്ഥനയിൽ കഴിച്ചു. പിന്നെ മാപ്പാപ്പായാൽ നിയോഗിക്കപ്പെട്ട ജോലി നിർവഹിപ്പാൻ തീർച്ചയാക്കി. എങ്കിലും പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിന്നു മുമ്പേതന്നെ മതദ്വേഷികൾ അദ്ദേഹത്തെ പിടികൂടി. അദ്ദേഹത്തിനോടു അധികാരി ഇപ്രകാരം പറഞ്ഞു. "നിങ്ങളുടെ വൈദികർ കുർബ്ബാനക്കു ഉപയോഗിക്കുന്ന പൊൻ, വെള്ളി പാത്രങ്ങൾക്കും പുറമെ ദേവാലയത്തിലുള്ള സ്വർണ്ണത്തിന്റെ കുത്തിസ്സാൽ രണ്ടും ഗവർമ്മേണ്ടിലേക്കു കൊടുക്കേണമെന്നു ചക്രവർത്തി കല്പനയായിരിക്കുന്നു." ഇതിന്നു മറുപടിയായി പുഞ്ചിരിതൂകിക്കൊണ്ടു ലോറൻസ് നൽകിയ മറുപടി ഇപ്രകാരമാണു്. "പള്ളിക്കു ധാരാളം ധനമുണ്ടു്. എന്നാൽ അവയെല്ലാം ശേഖരിച്ചെടുക്കുവാൻ നീങ്ങൾ എനിക്കു കുറെ ദിവസത്തെ ഇടതരണം." ഇതു കേട്ടപ്പോൾ അധികാരി വളരെ സന്തോഷിച്ചു് മൂന്നു ദിവസത്തെ ഇടകൊടുത്തു.

ഇതിന്നകം ലോറൻസ് എന്താണ് ചെയ്തത്? അവിടെയുണ്ടായിരുന്നേടത്തോളം പൊൻ വെള്ളി സാമാനങ്ങൾ വളരെ ഗോപ്യമായി ശേഖരിച്ചേടത്തു അടുത്തുണ്ടായിരുന്ന ഒരു പൊൻ പണിക്കാരന്റെ പക്കൽ കൊണ്ടുപോയി തൂക്കിവിറ്റു. പൊൻപണിക്കാരൻ ഒരു ക്രീസ്തുവനും അദ്ദേഹത്തിന്റെ ഒരു പരിചിതനുമായിരുന്നു. കിട്ടിയ പണവുംകൊണ്ടു ലോറൻസ് റോമായിൽ പല സ്ഥലങ്ങളിലും നടന്നു മാപ്പാപ്പായുടെ നിയോഗമനുസരിച്ചു അതു സാധുക്കൾക്കു പകുത്തു കൊടുത്തു.

അധികാരിയുടെ മുമ്പിൽ ഹാജരാകേണ്ട മൂന്നാം ദിവസം വന്നു. അതിരാവിലെ ലോറൻസ് പട്ടണത്തിൽ ഭയപരവശന്മാരായി അമ്പരന്നു നിന്നിരുന്ന ഒരു വമ്പിച്ച ജനതതിയോടുകൂടി അതിന്റെ നായകത്വം വഹിച്ചുകൊണ്ടു നിശ്ചയിക്കപ്പെട്ട സ്ഥലത്തെത്തി. അപ്പോൾ അധികാരിയും ആൾക്കാരും അദ്ദേഹത്തിന്റെ വരവിനെ പാർത്തുകൊണ്ടു അവിടെ നിൽപുണ്ടായിരുന്നു. വമ്പിച്ച ജനതതിയെക്കണ്ടു ആശ്ചര്യഭരിതനായ അധികാരി ലോറൻസിനോടു "നിധി എവിടെ?" എന്നു ചോദിച്ചു. "ഈ നിൽക്കുന്നവരെ നോക്കണേ. ഇവരാണ് പള്ളിയുടെ ഏറ്റവും വിലപിടിച്ച നിധി" എന്നു പറഞ്ഞിട്ട് ആ കൂട്ടത്തിലുണ്ടായിരുന്ന മുടന്തന്മാരേയും, കുരുടന്മാരേയും, രോഗികളേയും, വിധവകളേയും, അനാഥരേയും മൂണ്ടിക്കാണിച്ചുകൊടുത്തു.

ഇതുകണ്ടു അവിടെ കൂടിയിരുന്നവരെല്ലാം കുറെനേരത്തേക്കു അക്ഷമന്മാരായി നിന്നുപോയി. ലോറൻസ് തന്റെ ഈ പ്രവൃത്തികൊണ്ടു മഹനീയമായ ക്രിസ്തീയധർമ്മത്തെ അവരെ ഉൽബോധിപ്പിച്ചു. എന്നാൽ ഈ സ്ഥിതികളെല്ലാം പെട്ടന്നു മാറി. രാജകീയ കക്ഷികൾക്കു അദ്ദേഹത്തിന്റെ നേരെയുണ്ടായ കുശുമ്പു കോപമായി പകർന്നു അദ്ദേഹത്തെ നിഷ്ഠുരമായ മരണമനുഭവിപ്പിക്കണമെന്നു തീർച്ചയാക്കി. അധികാരി ഇപ്രകാരം ലോറൻസിനോടു പറഞ്ഞു. "നീ എന്നെ പറഞ്ഞു ചതിച്ചു. എന്നെ മനഃപൂർവം കളിയാക്കി. അതിനു നിനക്കു തക്ക സമ്മാനം തരുന്നതാണ്. ക്രിസ്ത്യാനികൾ മരിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ നിന്നെ ഉടനെ കൊന്നുകളവാൻ പാടില്ല. ധൃതിപ്പെടേണ്ട. സാവധാനം മരിച്ചാൽ മതി."

വി ലോറൻസ് മരിച്ചതു എങ്ങിനെയാണെന്നു വായനക്കാർക്കു അറിവുണ്ടായിരിക്കണം. നിഷ്ഠുരന്മാരാൽ സജ്ജമാക്കപ്പെട്ടിരുന്ന ഒരു ഇരുമ്പു കിടക്കമേൽ അദ്ദേഹം സമാധാനത്തോടും സന്തോഷവദനത്തോടും

ക്കൂടി കയറി കിടന്നു. അടിയിൽ അഗ്നി എരിയുന്നു. ഇരുമ്പു പഴുക്കുന്നു. ചൂടിന്റെ കാഠിന്യം നിമിത്തം അടുത്തു നില്ക്കുന്നവർ അകന്നു മാറുന്നു. എന്നാൽ വിശുദ്ധൻ, അതാ, അവിടെത്തന്നെ കിടന്നു സ്വർഗ്ഗീയവെളിച്ചംകണ്ടു ആനന്ദിക്കുന്നു. "നിങ്ങൾ എന്തുകൊണ്ടാണ് എന്നെ മറിച്ചു കിടത്താത്തതു. ഈ ഭാഗം വേണ്ടവിധത്തിൽ മൊരിഞ്ഞു കഴിഞ്ഞു" എന്നു വിശുദ്ധൻ വിളിച്ചു പറയുന്നു. "അവൻ പറഞ്ഞവിധത്തിൽ ചെയ്യു" എന്നു അധികാരി ആജ്ഞാപിക്കുന്നു. വിശുദ്ധനെ മറിച്ചു കിടത്തുന്നു. പ്രകാശമാനമായ യുവരക്തസാക്ഷിയുടെ സമാധാനപരമായ മുഖമണ്ഡലം കണ്ടു അവിടെയുണ്ടായിരുന്ന സകലരും ആശ്ചര്യഭരിതരായി സ്തംഭങ്ങൾ കണക്കെ നിശ്ചേഷ്ടരായി നിന്നുപോയി. കടശി വിശുദ്ധൻ തന്റെ വിരോധികൾക്കും, സഭയ്ക്കും, റോമാപട്ടണത്തിനുംവേണ്ടി അത്യുച്ചത്തിൽ പ്രാർത്ഥിച്ചുകൊണ്ടു ഭാഗ്യമരണം പ്രാപിച്ചു തന്റെ ഗുരുവിനോടുകൂടി—മാപ്പാപ്പായോടുകൂടി—ചേരുകയുംചെയ്തു. വി. ലോറൻസേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

മതസംബന്ധമായഘോഷയാത്രകൾ നടത്തുന്നതിനുള്ള അവകാശത്തെക്കുറിച്ചു് നാൻറെസ്സിലെ മെത്രാൻ നടത്തിവന്ന കേസ്സു് ആ സ്ഥലത്തെ മേയർക്കു വിരോധമായും മെത്രാനു ഗുണകരമായും കലാശിച്ചിരിക്കുന്നു. അങ്ങാടികളിലും മറ്റു പരസ്യസ്ഥലങ്ങളിലുംകൂടെ ഘോഷയാത്രകൾ പോകാൻ പാടില്ലെന്നുള്ള മേയറുടെ ഒരു കല്പനയാണ് ഈ കേസിനു കാരണമാക്കിയതു. ഫ്രാൻസിലെ എറ്റവും ഉയർന്ന കോടതി "കൗൺസിൽ ഓഫ് സ്റ്റേയിറ്റ്" ആണ്. അവരാകട്ടെ ഇപ്പോൾ മെത്രാനു ഗുണകരമായ തീരുമാനം ചെയ്തിട്ടുള്ളതു്.

* * * *

ഏഷ്യയിൽ ഇപ്പോൾ രൂപതാ നാട്ടുപുരോഹിതന്മാരുണ്ടു്. ഏഷ്യയിൽ ആകമാനമുള്ള പുരോഹിതന്മാരിൽ ഒരു ശതമാനം ഈ നാട്ടുപട്ടക്കാരാണ്. ആഫ്രിക്കയിൽ ആകെ ഏതാൻ നാട്ടുപുരോഹിതന്മാരേ ഉള്ളു. ഇവരുടെ ശതമാനം നൂറിനു് അഞ്ചുവീതമേ ആകുന്നുള്ളു. ഓഷ്യാനിയായിൽ ആകെ ഏതാ നാട്ടുപുരോഹിതന്മാരേയുള്ളു. അവിടെ രണ്ടര ശതമാനം നാട്ടുകാരേയുള്ളു.

* * * *

ഫ്രാൻസിലെ തിരഞ്ഞെടുപ്പിനുനിന്ന മൂന്നു പുരോഹിതന്മാരിൽ രണ്ടുപേർക്കു വളരെ വോട്ടുകൾ ലഭിച്ചിരിക്കുന്നു.

കർതൃപ്രാർത്ഥന.

(ശ്രീമാൻ സെബാസ്ത്യൻ പാടൻ ഇടപ്പിള്ളി.)

(തമ്പുരാനെ, നിൻപദങ്ങൾ എന്ന മട്ട്.)

പല്ലവി.

നാകലോകേ വാണരുളും ഞങ്ങളുടെ താതരേ,

അനുപല്ലവി.

1. പൂതമാക്കിടേണമങ്ങേ ദിവ്യനാമമെന്നും;
സന്തതവും തവരാജ്യം വന്നിടേണമിങ്ങു.

2. പാവനനാം തവനാമം വാണിടുമപോൽതന്നെ;
ഭൂമിയിലും വിളങ്ങുവാൻ കരുണചെയ് നാഥാ.

3. തന്നിടേണം ഞങ്ങൾക്കെങ്ങേ ജീവചൈതന്യമാം;
അന്നന്നുള്ള അപ്പമെന്നേയും പ്രീതിയോടെയെന്നും.

4. അന്യരോടു ഞങ്ങളിങ്ങു ക്ഷമിച്ചിടുംപോലെ;
വന്ദ്യതാതാ ഞങ്ങളിലും ക്ഷാന്തിയെഴുൽകുക.

5. സന്തതവും ഇയ്യുള്ളോരെ ദുഷ്പ്രേരണതന്നിൽ;
നീന്തിടാതെ കാത്തരുൾക; സർവ്വനാഥാവോൻ.

6. സർവ്വോപരി, തിന്മയാകും പാപത്തിൽ നിന്നെന്നും;
നിർവ്വികാര! ഞങ്ങളെ നീ രക്ഷിച്ചരുൾകമേൽ.

പ്രസിദ്ധ ഇറാല്യൻ പുരോഹിതനും ശാസ്ത്രകാരനുമായ ഡോക്ടർ ഡി. അഗോസ്തീനി എന്നദ്ദേഹം, ടൊഡെൽഫ് വാക്കോവിലുള്ളവരും നാമാവശേഷമായിത്തീരാൻ പോകുന്നവരുമായ ഇന്ത്യൻ ജാതിക്കാരുടെ പടങ്ങൾ എടുക്കേണ്ടതിലേക്കായി (സിനിമാ ആവശ്യത്തിലേക്ക്) അങ്ങോട്ടുപോയിരിക്കുന്നു. ഇദ്ദേഹത്തിനു മിലാനിൽവച്ചുകൂടിയ ഫാഷത്തെ ഭൂമിശാസ്ത്രകോൺഗ്രസ്സിൽനിന്നു ഒരു സുവർണ്ണമെഡൽ സിദ്ധിച്ചിട്ടുണ്ട്.

മുദ്രാമൃതം.

(റവ. തോമസ് പുളപ്പറമ്പിൽ ബി. എ.)

അദ്ധ്യായം ൨.

(ഒരു യാത്ര.)

(വികാരിയച്ചനും, ദേവാലയത്തുശ്രൂഷകനും.)

പ്രസ്താവിതദിവസമായ ഞായറാഴ്ച കുറേ കാലേക്കൂട്ടി പിള്ളേർ ഇടവകയുടെ വികാരിയച്ചൻ ഉണരും മുമ്പുകഴികി, കുപ്പായവും ധരിച്ച് ദേവാലയത്തിൽ പ്രവേശിക്കയും, പതിവുള്ള പ്രകാരം ആത്മീയ 'ധ്യാനം' തുടങ്ങുകയും ചെയ്തു. മണി അഞ്ചരയായിട്ടും കൃത്യബോധമില്ലാത്തവനായ അവിടത്തെ കപ്യാർ വന്നു മോന്നില്ല. തൽമൂലം അച്ചൻ തന്നെ 'ഉണർത്തുമണി' അടിക്കുവാൻ നിർബന്ധിതനായി. വളരെ തീക്ഷ്ണതയോടെ സ്വജോലികൾ നിർവ്വഹിക്കുന്ന പല ഇടവക വികാരിമാർക്കുമുണ്ടായപോലെ, ഫ്രാൻസിസ് അച്ചനും ഞായറാഴ്ചദിവസം അധികനേരത്തിന്റെയും, ജോലിത്തിരക്കിന്റെയും ഒരു ദിനമാണ്. വിശിഷ്യ, ഈ ഞായറാഴ്ച വലിയനോയമ്പിന്റെ പ്രഥമ ഞായറാഴ്ചയുമത്രേ. ആകയാൽ കുമ്പസാരിച്ച ദിവ്യഭോജനം സ്വീകരിക്കുന്നതിന് ആബാലവൃദ്ധം സ്ത്രീപുരുഷഭേദമെന്യേ വളരെ ജനങ്ങൾ ഉണർത്തുമണി അടിച്ചുകഴിഞ്ഞപ്പോൾ മുതൽ വന്നുതുടങ്ങിയതുകൊണ്ടു വികാരിയച്ചൻ കുമ്പസാരക്കൂട്ടിൽ രണ്ടുമണിക്കൂർ സമയം മുഴുവൻ ഇടമുറിയാതിരുന്ന് ആത്മാവുകൾക്ക് പാപവിമോചനം നൽകേണ്ടിവന്നു. മണി ഏഴേമുക്കാൽ ആയി. അതാണു കുർബാനയ്ക്കുള്ള സമയം. അതിനാൽ അച്ചൻ കർമ്മവസ്ത്രങ്ങൾ ധരിക്കുന്നതിനു സങ്കീർത്തി മുറിയിലേക്കു പോയി. അവിടെ ചെന്നു കൈകൾ കഴുകിക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു പതിവില്ലാത്തവിധം ഒരു ക്ഷീണാപാരവശ്യം ഉണ്ടായി. കുറേനേരത്തേക്ക് ഒരു കസേരയിൽ ഇരുന്നു വിശ്രമിച്ചു. കപ്യാരും അപ്പോൾ സ്ഥലത്തു വന്നെത്തി. കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയതിനു കുർബാന കഴിയുമ്പോൾ അച്ചൻതന്നെ കണക്കിനു ശകാരിച്ചേക്കുമെന്നുള്ള ഭയം അവന്റെ മുഖത്തു പ്രത്യക്ഷമായി കാണാമായിരുന്നു. കർമ്മവസ്ത്രധാരണമാരംഭിച്ചയവസരത്തിൽ "എന്താ, ഇന്നു നേരം പുലർച്ചയായതറിഞ്ഞില്ല, അല്ലേ?" എന്നുമാത്രം ഫ്രാൻസിസച്ചൻ അവനോടുചോദിച്ചതു് അവനു വളരെ

വിസ്മയജനകമായിപ്പോയി. എന്തുകൊണ്ടെന്നാൽ, അതല്ലായിരുന്ന തദവസരങ്ങളിലെ സംഭവഗതി. ജോലിചെയ്യുന്നതിൽ ഉദാസീനത കാണിക്കുമ്പോഴെല്ലാം കപ്യാരെ അച്ചൻ താക്കീതു ചെയ്യാതെ വൃഥാവിട്ടുകളയുകപതിവില്ല. കുബ്ബാനയുടെ മദ്ധ്യേ (സുവിശേഷം കഴിഞ്ഞയുടൻ) കുമ്പസാരത്തേപ്പറ്റി സുദീഘ്രവും ആകർഷണീയവുമായി വികാരിയച്ചൻ ഒരു പ്രസംഗം ചെയ്തു. കുമ്പസാരത്തിൽ താൻ കേൾക്കുന്നവയെല്ലാം യാതൊരു സാഹചര്യത്തിലും പുറത്തു പറഞ്ഞുകൂടാ എന്നുള്ളതു നമ്മുടെ കർത്താവ്, തന്റെ പ്രതിനിധിയായി പാപസങ്കീർത്തനകുദ്രശയെ നൽകുന്ന പട്ടക്കാരനിൽ ഒരു അലംഘനീയമായ ചുമതലയായി കല്പിക്കുമൂലം മറുപ്രകാരത്തിൽ പ്രയാസമാകുമായിരുന്ന ഈ കൂദാശയെ അവിടന്ന് ഏറ്റവും എളുപ്പമുള്ളതാക്കിത്തീർത്തിരിക്കുന്നു എന്നും ആകയാൽ ഐഹികസമ്പത്തു്, ബഹുമാനം മുതലായവയോ, ജീവൻപോലുമോ നഷ്ടപ്പെടത്തക്ക അത്യാപത്തിൽ അകപ്പെട്ടാലും കുമ്പസാരമുദ്രയെ പരസ്യമാക്കുവാൻ പട്ടക്കാർക്കു പാടില്ലെന്നും, അവർ പരസ്യമാക്കുകയില്ലെന്നും, അദ്ദേഹം ശക്തിയോടെ പ്രസ്താവിച്ചു. ഉദാഹരണത്തിനായി വിശുദ്ധ ജോൺനെപ്പംസ്യാനോസിന്റെ ചരിത്രവും അടുത്തകാലത്തു് കുമ്പസാരരഹസ്യം പ്രസ്താവിക്കാഞ്ഞതുമൂലം തന്റെ ജീവിതകാലം മുഴുവൻ സൈബീരിയായിലെ അതിശീതമരുഭൂമികളിൽ ഒരു രാജ്യഭ്രഷ്ടനായി അപമാനവും അധിക്ഷേപവും അനുഭവിച്ചു ജീവിച്ചു മരിച്ച ഒരു പോളണ്ടുകാരൻ വൈദികന്റെ കഥയും വളരെ തന്മയത്വത്തോടെ അദ്ദേഹം ഉദ്ധരിച്ചു. അവസാനമായി മനുഷ്യവർഗ്ഗത്തെ തന്റെ മരണം വഴിയായി ശത്രുവിന്റെ അടിമത്വത്തിൽനിന്നുദ്ധാരണം ചെയ്ത ക്രിസ്തുദേവൻ തങ്ങൾക്കായി സമ്പാദിച്ചിട്ടുള്ള അമൂല്യമായ അനുഗ്രഹങ്ങളും സഹായങ്ങളും മനഃപൂർവ്വം നഷ്ടമാക്കാതെ ഇനിയെങ്കിലും ആ രക്ഷിതാവുമായി സമാധാനപ്പെടുന്നതിനും, വളരെക്കാലമായി ആത്മീയചുമതലകൾ ഉപേക്ഷിച്ചു ജീവിക്കുന്നവരുണ്ടെങ്കിൽ, അവർ ആ ചുമതലകൾ ഉടൻ നിർവ്വഹിക്കുന്നതിനും അച്ചൻ തന്റെ ആത്മീയസഹായാനുഭങ്ങളോടു് അപേക്ഷിക്കുതന്നെ ചെയ്തു. പക്ഷേ, പ്രസംഗത്തിന്റെ അവസാനഭാഗം ശ്രവിക്കേണ്ടിയവരിൽ പലരും അന്നു ദേവാലയത്തിൽ വന്നിട്ടേ ഇല്ലായിരുന്നു. ഫ്രാൻസിസച്ചൻ കുബ്ബാനയ്ക്കുശേഷമുള്ള ഉപകാരസ്മരണ മുതലായവയെല്ലാം കഴിഞ്ഞു വള്ളിയിൽ നിന്നിറങ്ങിയപ്പോൾ, പതിവിൽ വളരെ കൂടുതൽ താമസിച്ചുപോയിരുന്നതിനാൽ വേഗം മുറിയിൽ എത്തി, അവിടെ മേശയിൽ തയാറായിരുന്ന ഒരു കോപ്പ കാപ്പി

കൂടിച്ചുംവച്ചു്, തപസ്സനാളുകളിലെ ദീഷ്മമായ 'കാനോന' നമസ്കാരം തുടങ്ങി. ഇതു തീരുന്നതിനു മുൻപേതന്നെ ഇടവകക്കാരിൽ അരഡസൻപേർ ഓരോരുത്തരായിവന്നു്, അവനവന്റെ സ്ഥിതിക്കും സാഹചര്യങ്ങൾക്കും അനുസരണമായ സദുപദേശങ്ങളും, ആശ്വാസവാക്കുകളും, ആലോചനാസഹായങ്ങളും ഈ ആത്മപിതാവിൽനിന്നു സ്വീകരിച്ചു മടങ്ങിപ്പോയി. ഈ വരവും പോക്കും, അദ്ദേഹത്തിന്റെ ആഹാരസംബന്ധമായ ആവശ്യങ്ങൾ നിവ്വഹിച്ചുകൊണ്ടുവന്ന സൂസാന്നാ എന്ന ഒരു പട്ടകിഴവി, അവിടെ വരുന്നതുവരെയുണ്ടായിരുന്നു. അവർ, സമീപത്തുള്ള 'സൈത്തുവൃക്ഷ വഴിയമ്പല'ത്തുങ്കൽനിന്നു, അച്ചന്റെ പതിവുള്ളതു തീരെ സാധാരണവുമായ ഉച്ചഭക്ഷണവുംകൊണ്ടു് ആഗതയായതാണു്. ഈ സ്ത്രീ, അദ്ദേഹത്തിന്റെ സ്ഥിരം വേലക്കാരിയല്ല. താൻ താമസിക്കുന്ന കെട്ടിടത്തിൽ ഏതാനും മുറികൾകൂടി ശരിപ്പെടുത്തിയശേഷം സ്വമാതാവിനെക്കൂടി തന്നോടുകൂടെ താമസിപ്പിച്ചിട്ടുവേണം ഒരു പുതിയ ജീവിതക്രമം ശരിപ്പെടുത്തുവാൻ എന്നാണു് ഫ്രാൻസിസ് അച്ചൻ വിചാരിച്ചിരിക്കുന്നതു്.

സൂസാന്നയുടെ വേഷം ആഡംബരമായിട്ടുള്ളതല്ല. എഴുപതിൽ കുറയാത്ത വയസ്സുള്ള ആ സ്ത്രീ, മഞ്ഞയും മുവപ്പും നിറങ്ങളിൽ ചെയ്യപ്പെട്ട വിചിത്ര പുഷ്പങ്ങളാൽ അലംകൃതമായ നിറമുള്ള ഒരു അങ്കിയും, അതിനു മുകളിൽ വെള്ളവരകളുള്ള ഒരു പച്ച സാൽവയും ധരിച്ചിരുന്നു. വളരെ വിചിത്രമായ വസ്ത്രങ്ങളൊന്നും, ജരാനരജിതമായ അവളുടെ ശരീരത്തിനു യോജിക്കുന്നതല്ലല്ലോ. യൌവ്വനദശയിൽ തന്നെ സൂസാന്നാ ഒരു സുന്ദരി എന്നു പറയത്തക്കവളല്ലായിരുന്നു എന്നുവേണം ഊഹിക്കുവാൻ. പക്ഷെ ആ സ്ത്രീ, ഗുണവതിയും സത്യസന്ധയുമായിരുന്നുവെന്നുള്ളതിനു് തർക്കമില്ല. ഈ മഹതി വികാരിയച്ചന്റെ സൌകര്യത്തിനും സുഖത്തിനുംവേണ്ടി എല്ലാക്കൂട്ടവും ചെയ്യണമെന്നുമാത്രം ആഗ്രഹിച്ചുകൊണ്ടിരുന്നു.

ഒരു കോപ്പ സൂപ്പു മേശയിൽവച്ചിട്ടു സൂസാന്നാ അല്പം അകന്നുനിന്നു്, പുരയ്ക്കി അവളുടെ ഞൊറിഞ്ഞ കൈകൾകൊണ്ടു് ഒന്നു കൊട്ടി കുടഞ്ഞു. അനന്തരം, ഒരു പഴകിയ വീട്ടുകാരിയുടെ സ്വാതന്ത്ര്യബോധത്തോടെ പറഞ്ഞുതുടങ്ങി:— ഇന്നു് അച്ചൻ ആ പറഞ്ഞ പ്രസംഗം എത്ര കേമമായിപ്പോയി എന്റെ അച്ചാ!—അതും കുമ്പസാരരഹസ്യത്തെപ്പറ്റി—പട്ടക്കാരന്റെ തല പോയാലും കുമ്പസാരത്തിൽകേട്ട ഒരു നിസ്സാര ദോഷംകൂടിയും പുറത്തു പറഞ്ഞുകൂടെന്നു്— ആ പുണ്യ

വാളച്ചനേപ്പറ്റിയും, പോളണ്ടുകാരൻ അച്ചനേക്കുറിച്ചും ഉള്ള ഓരോ ഒന്നാംതരം കഥ—ഹാ, ഒന്നു രണ്ടു പ്രാവശ്യം പള്ളിക്കകത്തുവച്ചു ഞാൻ എന്റെ ചുറ്റും ഒന്നു നോക്കിപ്പോയി അതു തെറ്റായിട്ടു വരുകയില്ലല്ലോ, അച്ചാ; എന്റെ ഗ്രന്ഥത്തിനുവേണ്ടി ഞാൻ ഒന്നു നോക്കിപ്പോയതാണ്. ആളുകൾ കണ്ണുനീർപൊഴിക്കുന്നതു് അച്ചൻ അന്നേരം കാണേണ്ടതായിരുന്നു. നഗരാധിപനും, കുതിനയുടെ ആങ്ങളയും സ്വതന്ത്ര കക്ഷിക്കാരെന്നു പറയുന്ന ആ തെമ്മാടികളും, പള്ളിയിൽ വന്നിട്ടില്ലായിരുന്നതു കഷ്ടമായിപ്പോയി. അവർ ആ പ്രസംഗം കേൾക്കേണ്ടതായിരുന്നു. പള്ളിയിൽ വരുന്നതിനേക്കാൾ നല്ലതായി ഏതാണ്ടു അവക്കിപ്പോൾ ചെയ്യാനുണ്ടായിരിക്കും. തിരഞ്ഞെടുപ്പു സംബന്ധിച്ചു അവക്കിപ്പോൾ വലിയ തിരക്കാണെന്നാ കേട്ടതു്. ആ പൊണ്ണൻ കപ്യാരു്! അമ്പടാ! സങ്കീർത്തിക്കുതകിന്റെ പിന്നിൽ ഇരുന്നു് അവൻ തന്നത്താൻ മോറി ചിരിക്കുന്നതു ഞാൻ കണ്ടു. പ്രസംഗം മനസ്സിരുത്തി കേട്ടു് വേഗം കുമ്പസാരിക്കുവാൻ പോകുന്നതിനു തീർച്ചപ്പെടുത്തുന്നതിനുപകരം ആ വിഡ്ഢാൻ മോറിചിരിച്ചുകളഞ്ഞു".

അച്ചൻ:— "സൂസന്നേ, ഏറ്റവും വാശ്ചാടിയോടെ ചെയ്യപ്പെടുന്ന പ്രസംഗവും മനുഷ്യ ഹൃദയത്തെ ചിലപ്പോൾ ഇളക്കുകയില്ല. അതിനു ദൈവാനുഗ്രഹമാണു് അത്യാവശ്യം. പാപികളുടെ ഹൃദയ കാഠിന്യത്തെപ്പറ്റി വിലപിക്കുന്നതിനേക്കാൾ ഫലപ്രദമായിട്ടുള്ളതു് അവരുടെ മനസ്സുതിരിവിനായി ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നതാണു്. അനുകമ്പയുള്ളവനും ദീർഘകഷ്ടതയനുഭവിച്ചവനുമായ നമ്മുടെ ദിവ്യരക്ഷിതാവിനു്, തെറ്റുകാരെ തിരിച്ചുകൊണ്ടുവരുന്നതിനറിയാമല്ലോ".

വേലക്കാരി:— "ഞങ്ങളേക്കൊക്കെ അച്ചൻ അനുഗ്രഹിക്കണേ! അച്ചന്റെ പ്രസംഗം എത്ര പൊടിപൊടിയായിരുന്നെന്നോ ഞാൻ ആദ്യം വിചാരിച്ചുള്ളൂ. എന്നിട്ടു് ഇപ്പോൾ ഞാൻ അഹങ്കാരിയും, സഹോദരസ്നേഹമില്ലാത്തവളുമായിത്തീർന്നു. എന്തു ചെയ്യാം! ആകട്ടെ, ആ പൊരിച്ച ഗോമാംസക്ഷണത്തിനു് ഒന്നുകൂടി എടുത്തങ്ങോട്ടതിനോ. എന്തോ, വേണ്ടേ? ഈയിടെ ആ ഇറച്ചിക്കാരൻ നമുക്കു നല്ല ഇറച്ചി തരുന്നില്ല. ഇന്നത്തേതു ഇൻഡ്യാറബ്ബർപോലിരിക്കുന്നു. എന്റെ തലയിൽ ഒരു പല്ലുപോലുമില്ല. അച്ചൻ നല്ല ചെറുപ്പക്കാരനാണു്. ഒന്നാം തരം രണ്ടുനിര

പ്പുല്ലും ഉണ്ട്. ഒന്നു കടിച്ചുനോക്കിക്കേ . . . . എല്ലാം എടുത്തോണ്ടു പൊക്കോട്ടേ? ഇങ്ങിനെ ഒന്നും തിന്നാതെ കഴിച്ചാൽ, എത്രനാളത്തേയ്ക്ക് ജീവിച്ചിരിക്കുമെന്നെനിക്കറിഞ്ഞുകൂടാ".

"സൂസാന്നേ, ഇതുയും ഭക്ഷിച്ചാൽ എനിക്കു വേണ്ടിടത്തോളം സുഖം ഉണ്ടായിരിക്കും. ആ കാര്യം പോകട്ടെ. കാലത്തെ പ്രസംഗത്തേക്കാൾ പ്രധാനമായ കാര്യമാണ് വേദപാഠം പഠിപ്പിക്കുക എന്നത്. അതിനൊരുങ്ങുവാൻ എനിക്കു സമയം കിട്ടുവാൻവേണ്ടി നിങ്ങൾ പോയ്ക്കോള്ളൂ" എന്ന് പട്ടക്കാരൻ അവളോട് പറഞ്ഞു. ആ സ്ത്രീ, ശേഷിച്ച ഭക്ഷണപദാർത്ഥങ്ങളുമായി തിരിയെപോകുംവഴി, ചിന്താപൂർവ്വം തലകുലുക്കുന്നുണ്ടായിരുന്നു. അദ്ദേഹം പുഞ്ചിരിയോടെ ഇതുനോക്കികൊണ്ടാണിരുന്നത്. വേലക്കാരി കതകടച്ചയുടൻ അച്ചൻ ഒരു വേദോപദേശപുസ്തകമെടുത്തു, കുറെ ദിവസങ്ങൾക്കുമുൻപു താൻ തയാറാക്കിയ ഒരു പാഠത്തെപ്പറ്റി വിണ്ടും വിചാരിക്കുവാൻതുടങ്ങി. കുറെ നേരത്തേക്ക് "തീൻമേശ"യുടെപക്കൽത്തന്നെ ധ്യാനിച്ചിച്ചിരുന്നു. ഇദ്ദേഹംതന്റെ മുഖം കൈകൊണ്ടുതാങ്ങിയിട്ടുണ്ടായിരുന്നു. നല്ല യൌവനപ്രായത്തിലുള്ള ഈ പുണ്യാത്മാവിന്റെ മുഖം വിളറിയതെങ്കിലും ആകർഷണീയമായ ലക്ഷണങ്ങളോടുകൂടിയതായിരുന്നു. അയാൾ കാഴ്ചയിൽ കുറെ ഗൌരവക്കാരനെങ്കിലും, പ്രകൃത്യാ ആഹ്ലാദപ്രിയനായിരുന്നു. ബാല്യപ്രായത്തിൽ മാതാപിതാക്കന്മാരിൽനിന്നു ലഭിച്ച സൂക്ഷ്മവും, ഭക്തിപരമായ പരിശീലനവും, പിന്നീട് സെമിനാരിയിൽനിന്നും സിദ്ധിച്ച വിശിഷ്ടജ്ഞാനവും അദ്ദേഹത്തിന്റെ വദനത്തിലും, എടുപ്പിലും ഒരു വൈശിഷ്ട്യം സ്ഫുരിപ്പിക്കുന്നുണ്ട്.

മുറിയുടെ വെള്ളപൂശിയ ഭിത്തികളും, തീരെ സാധാരണമായ അകസാമാനങ്ങളും, അതിൽ താമസിക്കുന്നയാളിന്റെ ജീവിതരീതിക്ക് ഏറ്റവും അനുസരണമായിരുന്നു. കട്ടിളപ്പടികളിലും, മേൽത്തട്ടിലും മറുമുണ്ടായിരുന്ന കൊത്തുപണികളും, ഭിത്തിയിൽ തൂങ്ങിക്കിടന്ന കുരിശുരൂപവും, ഒടുവിലത്തെ അത്താഴച്ചിത്രവും എല്ലാം ആധുനികശില്പശാസ്ത്രത്തെയും, ചിത്രകലയേയും വെല്ലുന്നവതന്നെ. ഭിത്തിയുടെ ഒരു കോണിൽ വയ്ക്കപ്പെട്ടിരിക്കുന്ന വ്യാകുലമാതാവിൻ സപ്തരൂപത്തിന്റെ രണ്ടു വശങ്ങളിലും ഇരിക്കുന്ന മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടതും സാധാരണ ഗിൽട്ട് ഇടപ്പെട്ടതുമായ പുഷ്പപാത്രങ്ങൾ ശരിയായവിധം മിനുസപ്പെടുത്തിയിട്ടില്ലാത്ത എഴുത്തുമേശ, പകുതിമാത്രം നിറഞ്ഞിരിക്കുന്ന ഒരു പുസ്തകക്കൂട്ട്,

ഒഴിക്കൽ കസേരകൾ, ഒരു മേശ എന്നിവയെല്ലാം അച്ചന്റെ അഗതി തപത്തിനു ശരിയായ സാക്ഷ്യം വഹിക്കുന്നുണ്ട്. എന്നാൽ അഗതിതപം അദ്ദേഹത്തിന്റെ പ്രസന്നതയേയും മനോതൃപ്തിയേയും ഒട്ടും ബാധിച്ചിട്ടില്ല. ആഡംബരവും, മോടിയും തനിക്കെന്തിനു? തന്റെ മുറിയിൽ നിന്നുള്ള മനോഹരമായ കാഴ്ച, മുറിയെ പ്രകാശിപ്പിക്കുന്ന സൂര്യകിരണങ്ങൾ; വസന്തകാല മന്ദമാരുതൻ തോട്ടങ്ങളിലെ വിവിധ പുഷ്പങ്ങളിൽ നിന്നു വഹിച്ചുകൊണ്ടിരിക്കുന്ന സൌരഭ്യം, ഇത്യാദി പ്രകൃതിസാഹചര്യങ്ങളെല്ലാംതന്നെ ആ എളിയ വസതിയെ സുഖപ്രദവും ആനന്ദകരവുമാക്കിത്തീർക്കുന്നതിനു, വിലപിടിച്ച പരവതാനികളേയും, ചിത്രപ്പണികളേയും, മറ്റു വിശിഷ്ടോപകരണങ്ങളേയുംകാൾ പര്യാപ്തമാണ്. സാഖ്യസാമ്പത്തികമായ ഒരു പ്രശാന്തത; ഒരു സമാധാനാന്തരീക്ഷം! എന്തു ഭാഗ്യം, എന്തു സുഖം! തന്റെ സമാധാന ജീവിതത്തിന്റെ സുഭഗതയേ നിർമൂലമാക്കുന്നതിനുള്ള കൊടുങ്കാറ്റ് വല്ലയവസരത്തിലുമുണ്ടാകുമെന്നു സംശയിപ്പിക്കുവാൻപോലും ഏതുതൽക്കാല പരിസരങ്ങളിലോ, സാഹചര്യങ്ങളിലോ യാതൊരു ലക്ഷ്യവും കാണുവാൻ അദ്ദേഹത്തിനെന്നല്ല മാറാക്കുതന്നെ കഴിഞ്ഞില്ല.

വേദപാഠക്ലാസിനു ദേവാലയമണി അടിച്ചിട്ടു സമയം കുറെ ആയിരിക്കുന്നു. ബാലികാബാലന്മാർ പാഠശാലയിൽ കുറയാതെ വന്നുകഴിഞ്ഞു. പഠിപ്പിക്കുവാനായി അച്ചൻ ദേവാലയത്തിൽ പ്രവേശിച്ചു; തന്റെ ശകതി മുഴുവൻ പ്രയോഗിച്ചു് അദ്ദേഹം ആ കൃത്യം നിർവ്വഹിച്ചശേഷം സായംകാല കർമ്മങ്ങളും (വേസ്പര മുതലായവ) വി. കുർബാനയുടെ വാഴ്വും നടത്തി. അപ്പോൾ ജ്ഞാനസ്നാനത്തിനായി ഒരു ശിശുവിനെ ഒരാൾ കൊണ്ടുവന്നതിനാൽ ആ കർമ്മവും നടത്തിക്കൊടുത്തു് അന്നത്തെ ചടങ്ങുകൾ അദ്ദേഹം അവസാനിപ്പിച്ച എന്നു പറയാം.

ഇത്രയധികം ജോലികൾ ചെയ്തശേഷം മുറിയിൽവന്നു ചാരുകസാലയിൽ വിശ്രമിക്കുന്നതിനായി കിടന്ന ഫാദർ പ്രാൻസിസിന്റെ കണ്ണുകൾ, ക്ഷീണാധിക്യത്താൽ അല്പനേരത്തേക്കു ഒന്നടഞ്ഞുപോയതിൽ എന്തൊണ്ണ അത്ഭുതം തോന്നാനുള്ളതു്. ഈ ആശ്വാസമെങ്കിലും അദ്ദേഹത്തിനു വേണ്ടെന്നുണ്ടോ? പക്ഷേ അദ്ദേഹം പെട്ടെന്നു ചാടി എണീറ്റു കണ്ണുകൾ തിരുമ്മി, തന്നത്താൻ ഇപ്രകാരം ശാസിച്ചു. "കൊള്ളാം, കൊള്ളാം ഇതൊരിക്കലും പാടില്ല. മൂന്നുമണിനേരത്തിനു മുൻപു് നിദ്രചെയ്യത്തക്ക പ്രായം എനിക്കായിട്ടില്ല. വി. യൌസേപ്പു പിതാവിന്റെ നാമത്തിൽ ആരംഭിച്ചു നടത്തപ്പെട്ടുവരുന്ന ആ വിശിഷ്ട സമാജ

ത്തിന്റെ കണക്കുകൾ ഒന്നു പരിശോധിച്ചു്, ആ സമാജംവകയായി എന്റെ മുൻഗാമിയേയും എന്നേയും ഏൽപ്പിക്കപ്പെട്ടിരിക്കുന്ന പണം എണ്ണി ശരിപ്പെടുത്തുന്നതിനു മാത്രം സമയം എനിക്കിനിയുമുണ്ടു്. സമാജാദ്ധ്യക്ഷയായ കുതീനാ ഈ പണം കൊണ്ടുപോകുന്നതിനായി നാളെത്തന്നെ വരും. ദൈവസഹായത്താൽ അവർ ആതുരശാലയുടെ പണി ഉടൻ ആരംഭിക്കുമെന്നാണു് തോന്നുന്നതു്. ഈ സ്ത്രീകൾ എല്ലാവരുംകൂടി ഇത്രയും പണം പിരിച്ചെടുത്തതിൽ എനിക്കു വിസ്മയംതോന്നുന്നു. പ്രാൻസ്‌രാജ്യം എപ്പൊഴും ആവശ്യമുള്ളവരെ സഹായിക്കുവാൻ തയാറാണു്. ഇതു വഴിയായി അവളുടെ ശിശുസമമായ പഴയ വിശ്വാസം വീണ്ടും അവൾക്കു ലഭിക്കുന്നതിനും ദൈവസഹായം അവർക്കുണ്ടാകുന്നതിനും ഇടയാകട്ടെ.” ഈ വിചാരങ്ങളോടുകൂടി അദ്ദേഹം ജനലിൽക്കൂടി പൂണ്ണമായി പൂത്തിച്ചുനിൽക്കുന്ന വൃക്ഷലതാതികളുടെയിടയിൽ പകുതി മറഞ്ഞു സ്ഥിതിചെയ്തിരുന്ന നിശ്ചഞ്ചലമായ ഗ്രാമത്തെ ലാക്കാക്കി ഒന്നു നോക്കി. പിന്നീടു് തന്റെ എഴുത്തുമേശയിലേക്കു തിരിഞ്ഞു് അതിന്റെ വലിപ്പുതുറന്നു അതിൽ വച്ചിരുന്ന പണപ്പെട്ടി പുറത്തെടുത്തു. ഇതിൽ ആണു് സമാജംവക പണം സൂക്ഷിക്കപ്പെട്ടിരുന്നതു്. പണം മേശപ്പുറത്തു കൂടഞ്ഞിട്ടു കുറെനേരം സംപ്രീതനായി കൂട്ടിനോക്കുന്നതിൽ സമയം ചെലവിട്ടശേഷം പണമേപ്പാടിൽ വലിയ പരിചയമില്ലാത്തവനെപ്പോലെ സാവധാനത്തിലും, സംശയത്തോടുകൂടിയും മേശയിൽ നിരത്തുകിടന്ന നാണയങ്ങൾ എണ്ണുവാൻ തുടങ്ങി.

“വ്യാഴാഴ്ചനോട്ടുകൾക്കു വ്യാഴം പ്രാങ്കു്, ഓരോ ഇരുപതു പ്രാങ്കു നോട്ടുകൾക്കു മുപ്പതു പ്രാങ്കു, ഇങ്ങിനെ നൂറു പ്രാങ്കുസ് നോട്ടുകളിൽ തന്നെയുണ്ടു്. ഒരു പൊൻ ‘നെപ്പോളിയൻ നാണയങ്ങൾ കൂട്ടുമ്പോൾ സംഖ്യ മുന്നൂറു പ്രാങ്കുസ് ആയി, പിന്നെ അഞ്ചു പ്രാങ്കു നാണയങ്ങൾക്കു മുന്നൂറു പ്രാങ്കുസും, വെറിയ നാണയങ്ങൾക്കു ആകെ രൂപാ പ്രാങ്കുസും, എല്ലാംകൂടി കുതീനാഞ്ഞു് ചെല്ലേണ്ടതു പ്രാങ്കുസ് മുപ്പതിനായിരം (രൂപാ പതിനായിരം) ഓഹോ” എത്രവലിയ ഒരു തുകയാണിതു്. ഇതിനുമുൻപു് ഇതുപോലെ ഒരു സംഖ്യ എന്റെ കൈയിൽ വന്നിട്ടേയില്ല” ഇപ്രകാരം ചിന്തിച്ചശേഷം ആ പുരോഹിതൻ വെള്ളിനാണയങ്ങളെല്ലാം ഒരു പ്രാവശ്യംകൂടി എണ്ണുവാൻ തുടങ്ങി. ഈ ജോലിയിൽ ബദ്ധശ്രദ്ധം പ്രവേശിച്ചിരുന്നതുകൊണ്ടായിരിക്കാം, കതകിൽ ആരോ മുട്ടിയതു അദ്ദേഹം കേൾക്കാഞ്ഞതു്. മുട്ടിന്റെ എണ്ണവും ശക്തിയും വർദ്ധിച്ചതോടെ, അല്പം ഭയപ്പെട്ടസ്വരത്തിൽ, “അകത്തുവരൂ” എന്നു അദ്ദേഹം വിളിച്ചു

പറയുകയും, കവ്യാർ അകത്തു പ്രവേശിക്കുകയും ചെയ്തു. ബാങ്കുനോട്ടുകളുടെ കൂട്ടവും പ്രശോഭിച്ചിരുന്ന സ്വർണ്ണനാണയങ്ങളും, പലകൂട്ടങ്ങളായി കിടന്നിരുന്ന വെള്ളിനാണയത്തട്ടങ്ങളും കണ്ടു് വിസ്മയഭരിതനായ അവൻ, മേശപ്പുറത്തു കണ്ണുപറിക്കാതെ നോക്കിക്കൊണ്ടു പറഞ്ഞു. "എന്റെ പൊന്നച്ചാ അയ്യോ, ക്ഷമിക്കണേ അച്ചാ, അച്ചൻ ഇത്ര ധനികനാണെന്നു ഇതുവരെ ഞാൻ വിചാരിച്ചിരുന്നില്ല."

പ്രാൻസിനിയുടെ മാനസാന്തരം

അഥവാ

പെറപുഴുത്തിന്റെ കുടിഞ്ഞൂൽഫലം.

ശ്രീമാൻ പെരുന്നയിൽ കെ. എ. സെബാസ്യൻ.

(പ്രഹസനം)

നാലാം പെയിജിൽനിന്നു തുടർച്ച.

മൂന്നാം രംഗം.

(വിലങ്ങുകൾ ധരിക്കപ്പെട്ടവനായ പ്രാൻസിനി കാരാഗൃഹത്തിനുള്ളിലും, വാൾ ഊരിപിടിച്ചുവരായ കാവൽ ഭടന്മാർ കാരാഗൃഹവാതുക്കലും നിൽക്കുന്നു.)

പ്രാൻസിനി:— ഗീതം— ആണ്ടിപണ്ടാരം എന്ന മട്ടു്.

പല്ലവി.

കാരുണ്യംതോന്നീടേണം, കാവൽഭടരേ! എന്നൊടു- കാരു-

അനുപല്ലവി.

ദുഷ്ടന്മാരായിടുന്ന പോലീസുകാരിടിച്ചു-
കഷ്ടമിവന്റെ ദേഹമയ്യോ! തകർന്നുപോയി കാരു-

ചരണങ്ങൾ.

ഒട്ടും കരുണയെന്യേ യെന്നോടിതേവിധത്തിൽ-
കാട്ടുന്നതിന്നവരോടെന്തുഞാൻ ചെയ്തുപോയി? കാരു-

നിഷ്ഠുരരായിടുന്നോരുക്കുട്ടരെയഖിലം
വെട്ടിനുറുക്കിടും ഞാൻ, കാലം ലഭിച്ചിടുകിൽ. കാരു-

അല്ലയൊ ഭടന്മാരെ! നിങ്ങൾ ദയവുചെയ്തു എന്നെ ഈ കാരാഗൃഹത്തിൽനിന്നു ഇറക്കിവിടുന്നപക്ഷം ഞാൻ നിങ്ങൾക്കു തക്കതായ പ്രതിഫലം തരാം.

ഭടൻ:— ഛീ! മിണ്ടാതെ അടങ്ങി കിടക്കെടാ! കഴുമരത്തിൽ കയറാൻപോകുന്ന നിന്റെ സമ്മാനം!!

(അനന്തരം ഒരു വൈദികൻ പ്രവേശിക്കുന്നു.)

വൈദി:— സോദരാ! നിന്റെ മരണം ഇതാ സമീപിച്ചിരിക്കുന്നു. അതിനാൽ ഇനി എങ്കിലും നീ അനുതാപത്തോടുകൂടി പാപസങ്കീർത്തനം ചെയ്യു ശ്രു. കുമ്പാനെ കൈക്കൊണ്ടു നിന്റെ ആത്മാവിനെ രക്ഷിക്കണം.

പ്രാൻസിനി:— താൻ ആരാണ് എന്നെ ഉപദേശിക്കാൻ? ഇറങ്ങു വെളിയിൽ!

വൈദി:— മകനേ? ക്രിസ്തുവായ ദൈവം നമുക്കുവേണ്ടി എത്രമാത്രം പാടുപീഡകൾ സഹിച്ചാണ് മരിച്ചതെന്നു നിനക്കറിയാമല്ലോ? ഒരൊറ്റ ആത്മാവു നശിച്ചുപോകുന്നതു അദ്ദേഹത്തിനു എത്ര സങ്കടമായിരിക്കും?

പ്രാൻസി:— ക്രിസ്തു കുഴിവീണോ അല്ലയൊ മരിച്ചത്? ഞാനും അങ്ങനെതന്നെ മരിക്കാൻ പോകുന്നു. അതിനാൽ ഞങ്ങൾ തമ്മിൽ എന്താണ് ഭേദം?

വൈദി.— എന്റെ പ്രിയപ്പെട്ട പ്രാൻസിനീ! നീ ഇപ്രകാരം ദൈവദൂഷണം പറയരുതേ!

പ്രാൻസി:— എന്തു? ദൈവമോ? അങ്ങനെ ഒരാളുണ്ടെന്നു ബുദ്ധിമാന്മാർ ആരെങ്കിലും സമ്മതിച്ചിട്ടുണ്ടോ? നോക്കണേ! സന്ധുക്കളെ കബളിപ്പിക്കാനുള്ള സൂത്രങ്ങൾ!

വൈദി: — മകനേ! നീ അങ്ങനെ പറയരുതു്. ദൈവം ഉണ്ടെന്നുള്ളതു സകല മതക്കാരും ഒരുപോലെ സമ്മതിച്ചിട്ടുള്ള ഒരു സത്യമാണ്.

പ്രാൻസി:— മതീ! ഇറങ്ങിപോകെടോ. എനിക്കു ഈ അഴികൾക്കു ഇടയിൽകൂടി അങ്ങോട്ടു ഇറങ്ങാൻ സാധിച്ചിരുന്നെങ്കിൽ തന്റെ പ്രസംഗം അപ്പോൾ അവസാനിപ്പിച്ചേനെ. കള്ളസന്യാസി! പാവങ്ങടെ പണം തട്ടിപ്പറിക്കാൻ നടക്കുന്ന കള്ളാ!

(അനന്തരം ആരാച്ചാരും, ആയുധപാണികളായ ചില ഭടന്മാരും പ്രവേശിച്ചു ജയിൽ തുറക്കുന്നു.)

ഭടൻ:— ഇറങ്ങെടാ ഇങ്ങോട്ട്. (പ്രാൻസിനി ഇറങ്ങുന്നു.)

വേറെ ഒരു ഭടൻ:— മനുഷ്യരെ പച്ചയ്ക്കു തിന്നുന്ന ചണ്ഡാളാ! നടക്കു കുലുക്കുള്ളത്തിലേക്കു. ഇപ്പോൾ നിന്റെ കഥ കഴിച്ചേക്കാം. (പള്ളിക്കൊണ്ടുപോകുന്നു.)

നാലാം രംഗം.

(ചെറുപുഷ്പം പ്രവേശിക്കുന്നു.)

ചെറുപു:— (ഗീതം—മത്താഡാ എന്ന മട്ട്.)

പല്ലവി.

കർത്താവേ! കാത്തരുൾക, പ്രാൻസിനിയെ നി — കർത്താ-

അനുപല്ലവി.

എത്രയുംമഹാ പാപിയായീടുമെൻ കുടിഞ്ഞൂൽ-
പുത്രനു മാനസാന്തര മരുളീടേണമേ — കർത്താ-

ചരണങ്ങൾ.

ഘോരമാം പാതകങ്ങൾ പാരാതെ ചെയ്തോരവൻ-
ക്രൂരമരണത്തിന്നി ന്നാഹാരമായിക്കാണും — കർത്താ-

ഏശുവേ! ജഗദീശാ! ക്ലേശനാശന! വിഭോ!
ശാശ്വത സുഖമവൻറാത്മാവിന്നരുളേണേ! — കർത്താ-

(അനന്തരം ഒരു അഞ്ചൽശിപായി പ്രവേശിക്കുന്നു.)

ചെറുപു:— പ്യൂൺ! പത്രംവല്ലതും വന്നിട്ടുണ്ടോ?

പ്യൂൺ:— ഉച്ച്. ലാക്രോയി എന്ന പത്രം വന്നിട്ടുണ്ട്. (പത്രംകൊടുക്കുന്നു)

പ്രാൻസിനിയുടെ മാനസാന്തരം:— പാരീസിലേക്കുപോയ ഒരു വർത്തകപ്രമുഖനെ വഴിമദ്ധ്യേവച്ചു വെട്ടിക്കൊന്ന കേസിലെ ഒന്നാംപ്രതിയായ പ്രാൻസിനി എന്ന ആളിനെ ഇന്നേദിവസം തൂക്കിക്കൊന്നിരിക്കുന്നു. രണ്ടാംപ്രതിയെ ഇതേവരെ പിടികിട്ടീട്ടില്ല. പ്രാൻസിനി അനുതപിക്കയൊ പാപസങ്കീർത്തനം ചെയ്കയൊ ചെയ്യാതെയാണു തൂക്കുമരത്തിലേക്കു കയറിയതു്, എങ്കിലും പാതകന്മാർ

അയാളെ കഴുമരത്തിന്റെ അവസാനത്തട്ടിലേക്കു വലിച്ചു കയറു ന്നതുവരെ പെട്ടെന്നു തന്നിൽ അങ്കുരിച്ച മനോവികാരത്തിന്റെ ഫലമായി അവന്റെ സമീപത്തുനിന്നു പട്ടക്കാരൻ നീട്ടിക്കാണിച്ച തുങ്ങപ്പെട്ട രൂപത്തിലുള്ള മ്ശിഹായുടെ തിരുമുറിവുകളെ മുന്നു പ്രാവശ്യം മുംബിക്കയും അവന്റെ കഠോര പാപങ്ങളെക്കുറിച്ചു പൂർണ്ണമായി അനുതപിക്കയും ചെയ്തശേഷമാണു ദിഷ്ടനിദ്രയെ പ്രാപിക്കാൻ ഇടയായതു എന്നുള്ള സംഗതി ഏറ്റവും ആശ്വാസ പ്രദമായ ഒരു കാര്യമാണു്.

ചെറുപുഷ്പം:— (സന്തോഷത്തോടുകൂടി) ഹാ! എന്റെ നല്ല ഗുരുശ്രേയെ! ഞാൻ ആശിച്ച അടയാളമുണ്ടായി. ഇതു എനിക്കു പ്രത്യേകം രസകരമായിരിക്കുന്നു. മ്ശിഹായുടെ തിരുമുറിവുകളിൽനിന്നു ഒഴുകിയ തിരുരക്തത്തിന്റെ കാര്യമാണല്ലോ ആത്മാക്കളുടെ രക്ഷയെക്കുറിച്ചുള്ള ദാഹം എന്നിൽ അങ്കുരിപ്പിച്ചതു്. പാപക്കറകളെ കഴുകിക്കളവാനായി കറയില്ലാത്ത ആട്ടിൻകുട്ടിയുടെ രക്തം ആത്മാക്കൾക്കു കുടിപ്പാൻകൊടുക്കേണമേ! എന്റെ ഗുരുശ്രേയെ! ആ തിരുമുറിവുകളെ അല്ലയൊ എന്റെ കുടിഞ്ഞുൽ പുത്രൻ മുംബിച്ചതു്? ഹാ! എന്റെ അപേക്ഷയ്ക്കു എത്ര യൊ വേഗത്തിൽ അവിടന്നു അത്ഭുതകരമായ മറുപടിതന്നിരിക്കുന്നു.

(അനന്തരം യൗസ്മാർട്ടിൽ പ്രവേശിക്കുന്നു.)

യൗസ്മാ:— കൊച്ചുറാണീ! ഇപ്പോൾ നിന്റെ മുഖംകണ്ടിട്ടു് ഒരു മാലാഖയുടെ മുഖമാണെന്നു എനിക്കു തോന്നിപ്പോകുന്നു. ഇത്ര മാത്രം സന്തോഷം നിനക്കുണ്ടാവാൻ കാരണമെന്താണു്?

ചെറുപു:— അമ്മാ! പ്രാൻസിനി മാനസാന്തരപ്പെട്ടു.

യൗസ്മാ:— മകളെ! നീ അതു എങ്ങനെ അറിഞ്ഞു!

ചെറുപു:— ഇതാ ഈ പത്രം അമ്മാൻ ഒന്നു വായിച്ചുനോക്കണം.

യൗസ്മാ:— (പത്രംവാങ്ങി മൗനമായി വായിച്ചതിൻശേഷം) മകളെ! പ്രാൻസിനിയുടെ മാനസാന്തരം ആർക്കും അളവറ്റ സന്തോഷത്തെ പ്രദാനംചെയ്യുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ദൈവത്തിന്റെ അളവറ്റ അനുഗ്രഹങ്ങളെ സംബന്ധിച്ചു ഒരുത്തർക്കും അറിയാൻ സാധിക്കുന്നതല്ലല്ലൊ. എന്തെന്നാൽ പാപികളെ രക്ഷിപ്പാനല്ലയൊ ദൈവം ഈ ലോകത്തിൽ അവതരിച്ചതു്? തന്റെ മരണസമയത്തുപോലും തന്നോടു അപേക്ഷിച്ച കള്ള പാപിയെ ദൈവം രക്ഷിച്ചില്ലയൊ? ഈ സ്ഥിതിക്കു ഇതിനെ

സംബന്ധിച്ചു നാം എന്തിനു വിസ്മയിക്കുന്നു. പ്രത്യേകിച്ചു എന്റെ കൊച്ചുറാണി പ്രാൻസിനിയുടെ മാനസാന്തരത്തിനുവേണ്ടി എത്ര മാത്രം പ്രാർത്ഥിച്ചു. കൊച്ചുകുഞ്ഞുങ്ങളുടെ അപേക്ഷയെ ദൈവം ഒരിക്കലും ഉപേക്ഷിക്കുന്നതല്ല. അതിനാൽ ഇത്രമാത്രം അനുഗ്രഹങ്ങളെ പ്രദാനംചെയ്യുന്ന ആ പരമകാരുണികനായ ദൈവത്തെ നമുക്കു ആരാധിക്കാം. (ഇരുവരും മുട്ടുകുത്തി ഭക്തിപൂർവം)

ഗീതം— ഇശനശ്രുലം എന്ന മട്ട്.

ചരാചരങ്ങൾക്കധിപതിയായി വിലസിടും ദൈവമേ!
നിരാമയാ! നിൻപദതളിർ പണിയുന്നാടിയങ്ങൾ ദൈവമേ!
അനാദിനാഥാ! തിരുമരിസുതനായവതീർണ്ണാ! ദൈവമേ!
വിനാശമേശാതനുദിനമിവരെ തുണചെയ്ക ദൈവമേ!
മഹാകഠോരം ദുരിതമതേറു മൂതനായ ദൈവമേ!
മഹീതലേനീ യഖിലരെയും കാത്തരുളേണേ! ദൈവമേ!
നിൻതിരുവേദകൃതിതൊളിയാലെ, ജഗദീശാ! ദൈവമേ!
ദുർമ്മതമാകും തിമിരമശേഷമകറേണം, ദൈവമേ!

(ഇരുവരുംപോയി.)

സമാപ്തം.

പരിശുദ്ധപിതാവു തിരുമനസ്സിലെ ഗുരുപ്പട്ട ജൂബിലി അടുത്തകൊല്ലം ഡിസമ്പറിലാണല്ലൊ. അന്നു പട്ടമേറ്റ് 50 കൊല്ലം തികഞ്ഞ പ്രഞ്ചു വൈദികന്മാരെല്ലാംകൂടി തിരുമനസ്സിലേയ്ക്കു ഒരു സുവർണ്ണ കാസ സമ്മാനം നൽകുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

* * * *

പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ദിവസംതോറും സായാഹ്നത്തിൽ വത്തിക്കാൻ തോട്ടത്തിൽ സഞ്ചരിക്കുക പതിവുണ്ടു്. മടങ്ങുന്നതിനുമുമ്പു് അവിടെയുള്ള ഒരു തത്തമ്മയുടെ കൂട്ടിനു മുമ്പിൽ കുറെനേരം താമസിക്കയും അതിനു ഭക്ഷണം നൽകുകയുംചെയ്യുക പതിവാണു്. തത്തമ്മയ്ക്കു കൊടുക്കാറായുള്ള ഭക്ഷണസാധനം അവിടന്നുതന്നെ കൊണ്ടുവന്നു കൊടുക്കും. പിതാവിനെ ദൂരെ കണ്ടുതുടങ്ങുമ്പോൾതന്നെ ആ തത്തമ്മ ലത്തീനിൽ വന്ദനം പറകപതിവാണു്.

"ഒമ്പതു വെള്ളിയാഴ്ചകൾ."

(ശ്രീമൻ സി. എ. മാത്യു, കല്ലൂർ.)

മിസ്റ്റർ കെപ്പൻറിൻ ഫലിതക്കാരനും എന്നാൽ നാണക്കാരനുമായ ഒരു അസാധാരണ വൃദ്ധനാണ്. വളരെ പ്രതാപനിലയിൽനിന്നു അധോഗതി പ്രാപിച്ചു ഒടുവിൽ വിവിധതരക്കാരായ കൂലിവേലക്കാർക്കു വാടകക്കുകൊടുത്തിരുന്ന ഒരു മാളികയുടെ ഏറ്റവും മുകളിലത്തെ നിലയിൽ ഒരു ചെറുമുറിയിൽ അയാൾ തനിച്ചു താമസിച്ചുവന്നു. മറ്റു താമസക്കാരാകട്ടെ, അതിരാവിലെ എഴുന്നേറ്റു ജോലിക്കുപോയി വൈകുന്നേരമാകുമ്പോൾമാത്രം മടങ്ങുന്നവരായിരുന്നു. എന്നാൽ കെപ്പൻറിൻ ജോലിക്കുവേണ്ടി ദിവസേന പുറത്തുപോകാറില്ല. അദ്ദേഹം തൻറെ മുറിയിലിരുന്നു ഏതോ ചില ജോലികൾ ചെയ്യുവന്നു. ജന്മനാതന്നെ മാന്യനും മൂങ്ങയെപ്പോലെ മൌനംദീക്ഷിക്കുന്നവനുമായ നമ്മുടെ വൃദ്ധൻറെ വസ്ത്രങ്ങൾ വളരെ വൃത്തിയുള്ളവയെങ്കിലും പഴയരീതിയിലുള്ളവയായിരുന്നു.

അയാളുടെ മുറിക്കടുത്തു മറ്റൊരു ചെറുമുറിയിൽ ഒരു ചെറിയ പെൺകുട്ടി തൻറെ അമ്മായിയോടുകൂടെ പാർത്തുവന്നു. അവൾ വളരെ അഴകുള്ളവളും "തമാശ" ക്കാരിയും ആയിരുന്നു. തുന്നൽപ്പണിചെയ്തു ഉപജീവനം കഴിച്ചുവന്ന തൻറെ അമ്മായി ഇല്ലാത്ത അവസരങ്ങളിൽ സ്കൂൾ സമയം കഴിഞ്ഞാൽ കോണിപ്പടിയിന്മേലിരുന്നു പാവകളിക്കയാണ് അവളുടെ പ്രധാനജോലി. കെപ്പൻറിൻ അവളോടു എല്ലാപ്പോഴും സ്നേഹം കാണിക്കയും അവൾ ഓരോ പാവയ്ക്കും ഓരോ പേരുകൊടുപ്പാനുള്ള കാരണങ്ങളെ വിവരിക്കുന്നതു സശ്രദ്ധം കേൾക്കയും ചെയ്യുവന്നു. ഒരു ദിവസം "നാൻസി" യെന്ന പേരുള്ള ആ പെൺകുട്ടി താൻ തിരഞ്ഞെടുത്തതിനു പ്രതിഷ്ഠിച്ചുവെച്ചിട്ടുള്ള അലമ്മാര കാണാൻ കെപ്പൻറിനെ ക്ഷണിച്ചു. അന്നു അദ്ദേഹത്തിനു ചില പ്രത്യേക കാരണങ്ങളാൽ വളരെ വിസമ്മതവും ക്ഷീണവുമുണ്ടായിരുന്നെങ്കിലും അവളുടെ ക്ഷണം സ്വീകരിക്കാതിരിപ്പാൻ അയാൾക്കു ധൈര്യമുണ്ടായില്ല. അതിനാൽ കെപ്പൻറിൻ അവളോടുകൂടി മുറിയിൽ പ്രവേശിച്ചു.

ആ ചെറുമുറി വളരെ വൃത്തിയുള്ളതും പൂക്കൾ മുതലായവകൊണ്ടുള്ള അല്പസ്വല്പമായ അലങ്കാരങ്ങളാൽ വളരെ ആകർഷണീയവുമായിരുന്നു. അവൾ സന്തോഷത്തോടുകൂടി വൃദ്ധനെ അലമ്മാരയുടെ അടു

ക്കൽ കൂട്ടിക്കൊണ്ടുപോയി. അവിടെ ചുകന്ന നിറത്തിലുള്ള ഒരു "കെടാവിളക്കു" കത്തുന്നുണ്ടായിരുന്നു. തിരുഹൃദയരൂപം ചെറുതെങ്കിലും അസാമാന്യ ഭംഗിയുള്ളതായിരുന്നു. ആ പ്രതിമയുടെ പാദത്തുങ്കൽ വെച്ചിരുന്ന റോസാപ്പൂക്കളുടെ സൌരഭ്യം ആക്കൂം ആഹ്ലാദത്തെ ജനിപ്പിക്കാതിരിക്കയില്ല. നമ്മുടെ വൃദ്ധനാകട്ടെ രക്ഷകന്റെ പ്രതിമയെ ആശയോടുകൂടി നോക്കിക്കൊണ്ടിരുന്നു.

നാൻസി:— "അപ്പാപ്പൻ തിരുഹൃദയത്തിന്റെ മുമ്പിൽ മുട്ടുകുത്തുന്നില്ലേ?" എന്നു വൃദ്ധന്റെ കൈപിടിച്ചുകൊണ്ടു ചോദിച്ചു. ഇതു കേട്ട വൃദ്ധൻ അവളുടെ സമീപം മുട്ടുകുത്തി. "ഇപ്പോൾ അപ്പാപ്പന്റെ നിയോഗത്തിനുവേണ്ടി പ്രാർത്ഥിപ്പിൻ" എന്നു അവൾ വീണ്ടും സൌമ്യമായി പറഞ്ഞു.

കെപൻറിൻ:— "എന്റെ നിയോഗമോ?"

നാൻസി:— "അതേ, അതെന്തായാണ്—അതെന്തുതന്നെയായാലും അപ്പാപ്പൻ അപേക്ഷിക്കുന്നതു തിരുഹൃദയം അനുവദിക്കും."

കെപൻറിൻ:— ഹാ! നാൻസീ, തിരുഹൃദയം ഞാൻ പ്രാർത്ഥിക്കുന്നതു കേൾക്കുമോയെന്നു ഞാൻ വളരെ സംശയിക്കുന്നു. ഞാൻ അങ്ങേയുടെ ഒരു വിശ്വസ്തഭൃത്യനല്ല."

നാൻസി:— "അതു സാരമില്ല. അപ്പാപ്പനു ഇപ്പോൾ മുതൽ അങ്ങിനെയുള്ള ഒരാളാകാമല്ലോ" എന്നു അവളുടെ ഹൃദയവികാരങ്ങളെ കണ്ണുകളിൽകൂടി സ്പുരിപ്പിച്ചുകൊണ്ടു പറഞ്ഞു.

കെപൻറിൻ:— "കൊള്ളാം നാൻസി, എന്നാൽ എന്റെ ഉപജീവനത്തിനുവേണ്ടിയുള്ള എന്റെ വേല പ്രതിഫലമുള്ളതാകാൻ ഒരു അവസരം എനിക്കു തരുവാൻ ഞാൻ അങ്ങയോടു പ്രാർത്ഥിക്കാം."

നാൻസി:— "അപ്പാപ്പന്റെ ഉപജീവനത്തിനോ?"

കെപൻറിൻ:— "അതേ കുഞ്ഞേ, എന്റെ നിത്യവൃത്തി കഴിച്ചുകൂട്ടുവാൻതന്നെ."

നാൻസി:— "അപ്പാപ്പൻ വല്ല പണിയും ചെയ്യുന്നുണ്ടോ?" എന്നു വൃദ്ധനെ ഉറ്റുനോക്കിക്കൊണ്ടു ചോദിച്ചു.

കെപൻറിൻ:— "ഉവ്വ്, ഞാൻ കഥകളും നാടകങ്ങളും എഴുതുന്നുണ്ട്. എന്നാൽ എന്റെ പുസ്തകങ്ങൾ വിലകൊടുത്തു വാങ്ങാൻ ആളില്ല."

അയാൾ പറഞ്ഞതിന്റെ സാരം മനസ്സിലാക്കാൻ ശക്തിയില്ലാഞ്ഞതുകൊണ്ടും എന്നാൽ അയാളെ വേദനപ്പെടുത്താൻ മനസ്സില്ലാഞ്ഞു

യാലും അവൾ അയാളുടെ കൈപിടിച്ചു സഹതാപത്തോടുകൂടി അമർത്തി.

നാൻസി:— "എന്നാൽ അപ്പോഴുപ്പൻ നാളെമുതൽ എന്നോടുകൂടി "ഒമ്പതു വെള്ളിയാഴ്ച" നിറവേറിയാൽ മതി, എന്തുകൊണ്ടും ആവശ്യപ്പെട്ടാലും തിരുഹൃദയം അതു സാധിക്കും" എന്നു പറഞ്ഞു അവൾ ആശയോടുകൂടി വൃദ്ധന്റെ മുഖത്തുനോക്കി. വൃദ്ധനാകട്ടെ ഒരു നിമിഷം മൌനാവലംബിച്ചതിന്റെശേഷം അല്പം ശ്രമപ്പെട്ടു പറഞ്ഞു.

കെപൻറിൻ:— "എന്നാൽ നാൻസി, നിയും ഞാനും നാളെമുതൽ "ഒമ്പതു വെള്ളിയാഴ്ച" ആരംഭിക്കാം. ഒരു സമയം തിരുഹൃദയം അതു അധികം മുമ്പുതന്നെ നമ്മുടെ പ്രാർത്ഥന സാധിച്ചതന്നേക്കും"

നാൻസി: — "നിശ്ചയമായും" എന്നു ശീഘ്രം പറഞ്ഞു.

അവർ രണ്ടുപേരും ആ വർഷകാലത്തിനുവേണ്ടി അടുത്ത ദിവസം മുതൽ പ്രവൃത്തി ആരംഭിക്കയും ക്രമേണ ദിവസങ്ങളും മാസങ്ങളും കഴിയുകയും ചെയ്തു. എന്നാൽ കെപൻറിന്റെ കയ്യെഴുത്തു പുസ്തകങ്ങൾ വിലക്കു വാങ്ങാൻ ആരും വന്നതുമില്ല. നാൻസിയാകട്ടെ തിരുഹൃദയം തന്റെ ഭക്തന്മാരുടെ അപേക്ഷയെ തള്ളുകയില്ലെന്ന പൂർണ്ണ ബോധ്യത്തോടെ പ്രാർത്ഥനതുടർന്നു.

ഇതിനിടയിൽ വൃദ്ധനും കുട്ടിയുംതമ്മിൽ പിരിയാത്ത കൂട്ടുകാരായിത്തീർന്നു. എന്നും പുതിയതായ ധാത്രികഥകൾ (പഴക്കങ്ങൾ) അനേകം എണ്ണം വൃദ്ധൻ നാൻസിയെ പറഞ്ഞു കേൾപ്പിച്ചു. ദുഷ്കരമുണ്ടായിൽ സംഭവിക്കുന്നോയെന്നു തോന്നത്തക്ക വർണ്ണനകളോടും അഭിനയങ്ങളോടുംകൂടി പറഞ്ഞ അനേക കഥകളിൽ "സിൻഡർലാ"യുടെ കഥ അവർക്കു എപ്പോഴും രസകരമായിരുന്നു മുറിയിലുണ്ടായിരുന്ന ചെറുവിളക്കിന്റെ വെളിച്ചത്തിൽ തുന്നപ്പണി നടത്തിയിരുന്ന അമ്മായിക്കും വൃദ്ധന്റെ കഥകൾ രസപ്രദങ്ങളായിരുന്നു. ഒരു ദിവസം അവൾ വൃദ്ധനോടു "നിങ്ങൾ ഒരു ചെറുനാടകം അഭിനയിക്കാത്തതു എന്തുകൊണ്ടാണ്" എന്നു ചോദിച്ചു.

കെപൻറിൻ:— "ചെറുനാടകമോ" എന്നു അതിന്റെ അർത്ഥം മനസ്സിലാകാതെ മിഴിച്ചുനോക്കിക്കൊണ്ടു ചോദിച്ചു.

അമ്മായി:— "അതേ, നിങ്ങൾ ഒരു നാടകമെഴുത്തുകാരനല്ലേ? ആകയാൽ നിങ്ങൾക്കു ഇതു പറഞ്ഞതു ഒന്നു പരീക്ഷിച്ചുകൂടേ? സിൻഡർലായുടെ കഥ എങ്ങിനെയാണ് അഭിനയിക്കേണ്ടതെന്നു നിങ്ങൾക്കു വളരെ നല്ലവണ്ണം അറിയാമല്ലോ".

നാൻസി:— "അങ്ങിനെതന്നെ. സുന്ദരികളായ സ്ത്രീകളുടെയും വിശ്വപിണികളായ സഹോദരികളുടെയും "ഉടപ്പു"കൾ അമ്മായി ഉണ്ടാക്കിത്തരുമല്ലോ" എന്നു അത്യാഹ്ലാദപൂർവ്വം പറഞ്ഞു.

കെപ്റ്റൻറിൻ:— നിങ്ങൾ പറയുന്നതിൽ കുറെ കാര്യമുണ്ട്. എന്നായാലും ഒന്നു പരീക്ഷിപ്പാൻ വിരോധമില്ല" എന്നു സംശയഗ്രസ്തനായി പറഞ്ഞുകൊണ്ടു യാത്രയായി.

പറഞ്ഞതുപോലെ വുഡൻ പരീക്ഷണം നടത്തി. അയാൾ എഴുതിയ "സിൻഡർലാ" കാണുവാൻ പട്ടണത്തിലെ ജനങ്ങൾ ആ ബാലവൃദ്ധം തിക്കിത്തിരക്കിക്കൂടി. ഇങ്ങിനെ ഒരു വിജയം വുഡൻ സ്വപ്നത്തിൽപോലും വിചാരിച്ചിട്ടില്ലായിരുന്നു. ബാലഹൃദയത്തിന്നു പറ്റുന്നതെന്തായിരിക്കുമെന്നു നാൻസിയുടെ അഭിപ്രായം നല്ലവണ്ണം മനസ്സിലാക്കി പ്രവർത്തിച്ചതിനാൽ വസ്ത്രങ്ങളും സീൻസും മറ്റു എല്ലാപ്പാട്ടകളും അത്യന്തം രമണീയമായിരുന്നു. അടുപ്പിന്റെ അടുത്തിരുന്നു കരയുന്ന സിൻഡർലായുടെ മുമ്പിൽ അവളുടെ മരിച്ചുപോയ തലതൊട്ടമ്മ പ്രത്യക്ഷയായി ഒരു മന്ത്രവടികൊണ്ടു അവളെ തൊട്ടു അത്യന്തം സുന്ദരിയായ ഒരു തരുണിയാക്കിയപ്പോൾ ആ (അപ്സര) സ്ത്രീയുടെ ശുശ്രൂഷണിയുടെ നിലയിൽ അതി സൌന്ദര്യവും നാൻസിയോടു വളരെ ചേർച്ചയുമുള്ള ഒരു ചെറിയ (അപ്സര) കന്യകകൂടി ഉണ്ടായിരുന്നു. ആ ചെറുനാടകം പല ദിവസങ്ങളിലും അഭിനയിക്കപ്പെട്ടപ്പോളെല്ലാം അതിന്റെ വിജയംകണ്ടു സന്തോഷിച്ച കാണികൾ "നാടകകർത്താവിനെ കാണണം" എന്നു ആർപ്പുവിളിച്ചിരുന്നു. എങ്കിലും അവസാനദിവസം മാത്രമേ നമ്മുടെ സൌമ്യശീലനായ വുഡൻ രംഗപ്രവേശനംചെയ്തുള്ളൂ. ഒരു കൈ തന്റെ വാത്സല്യ മിത്രമായ നാൻസിയുടെ കൈ പിടിച്ചുകൊണ്ടു അയാൾ കാണികളോടു താഴെ വരുംവിധം പറഞ്ഞു കൃതജ്ഞത പ്രകാശിപ്പിച്ചു. "സ്നേഹിതരേ, ഞാൻ യാതൊരുവിധ ബഹുമാനത്തിന്നും ഇക്കാര്യത്തിൽ അർഹനല്ല. അതിനെല്ലാം അവകാശി ഈ ചെറിയ പെൺകുട്ടിയാണ്. അവളല്ലെങ്കിൽ "സിൻഡർലാ" എഴുതുന്ന കാര്യം ഞാൻ സ്വപ്നത്തിൽപോലും ഓർക്കയില്ലായിരുന്നു. അവൾ എന്റെ ഉപദേഷ്ടാവും വിജയഹേതുവും ആകുന്നു. ഞാൻ വെറും കഥയെഴുത്തുകാരൻ മാത്രമത്രെ".

ഇതിനെത്തുടർന്നു കാണികൾ ആഹ്ലാദപൂർവ്വം ആർപ്പുവിളിച്ചു. മിന്നുന്ന കണ്ണുകളോടും തിളങ്ങുന്ന കവിൾത്തടങ്ങളോടുംകൂടി നാൻ

സി തലകുനിച്ചു. നമ്മുടെ വൃദ്ധനാകട്ടെ ഇതിനിടയിൽ അണിയറിയിൽ മറഞ്ഞുകഴിഞ്ഞു.

അവർ വീട്ടിലെത്തിയ ഉടനെ രണ്ടുപേരുംകൂടി നാൻസിയുടെ അർത്ഥാരയിൻമുമ്പിൽ മുട്ടുകുത്തി തിരുഹൃദയത്തിനു നന്ദിപറയുമ്പോൾ "ഇപ്പോൾ തിരുഹൃദയം അപ്പാപ്പന്റെ അപേക്ഷ കേട്ടില്ലേ?" എന്നു അവൾ വൃദ്ധന്റെ ചെവിയിൽ മന്ത്രിച്ചു.

കെപൻറീൻ:— ഉവ്വ് നാൻസി, ഞാൻ സ്വപ്നത്തിൽകൂടി വിചാരിക്കാത്തവണ്ണം അത്ര കേമമായി എന്റെ പ്രാർത്ഥന ഫലിച്ചു. ദൈവം അത്ഭുതകരമായവിധം എന്റെ കാര്യങ്ങളെ ശരിപ്പെടുത്തിയതു ഞാൻ ഒരിക്കലും മറക്കുന്നതല്ല. ഞാൻ ഒരു നല്ല ചെറിയ വീടു വാങ്ങിയിട്ടുണ്ടു. നാൻസീ, നിയുംകൂടി എന്നോടുകൂടി അങ്ങോട്ടവരുന്നു താമസിക്കയില്ലേ?

നാൻസി:— "ഉവ്വ്, എന്നാൽ അമ്മായിയുടെ കാര്യമോ?"

കെപൻറീൻ:— "ഓ, അമ്മായിയും വരുന്നുണ്ടു. അവരെ അവിടത്തെ വസ്ത്രസൂക്ഷിപ്പുകാരിയായി നിയമിച്ചിരിക്കുന്നു" എന്നു പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു.

നാൻസി:— (കൈകൊട്ടിക്കൊണ്ടു) ഹാ! എത്ര നല്ലതു. എല്ലായ്പോഴും സ്വർണ്ണവും വെള്ളിയുംകൊണ്ടുള്ള വസ്ത്രങ്ങൾ ഉണ്ടാക്കുകയും ഞാൻ അതിനു സഹായിക്കുകയും ചെയ്യുന്നതു എത്ര ആനന്ദകരം ആയിരിക്കും. അമ്മായീ, നാളെ ഞാനും കെപൻറീനും ഞങ്ങളുടെ "ഒമ്പതു വെള്ളിയാഴ്ച" തികക്കുന്ന ദിവസമാണ്. അതുകഴിഞ്ഞാൽ ഞങ്ങൾ കൃതജ്ഞതാപ്രകാശനമായി അതു വീണ്ടും ആരംഭിക്കുന്നതാണ്. "അങ്ങനെയല്ലേ" എന്നു അവൾ കെപൻറീനോടായി മോദിച്ചു.

കെപൻറീൻ:— "നിശ്ചയമായിട്ടും അങ്ങിനെതന്നെ. തിരുഹൃദയം നമുക്കുതന്ന അത്ഭുതകരമായ നന്മകളെക്കുറിച്ചു നമുക്കുള്ള നന്ദി കാണിപ്പാൻ ചെയ്യാൻകഴിയുന്ന ഏറ്റവും ചെറിയ കാര്യമാണ് അതു" എന്നു കെപൻറീൻ ഭക്തിപൂർവ്വം മറുപടി പറഞ്ഞു.



ഫീജിദ്വീപുകളിൽ ഫ്രഞ്ചുകാരും കത്തോലിക്കരുണ്ട്. അവിടത്തെ ആകെ ജനസംഖ്യ ഫ്രഞ്ചുകാരുടെ ആണ്.

മഹമ്മദീയരും വിശുദ്ധ കുർബ്ബാനയും.

(റവ. തോമസ്സ് കളം)

ഒന്നാം കാലം ചീയോ എന്ന ദ്വീപിൽ ക്ഷാമത്തിന്റെ പല ലക്ഷണങ്ങളും കണ്ടുതുടങ്ങി. എന്തുകൊണ്ടെന്നാൽ അതിന്റെ തലേ തുടക്കം കൊല്ലങ്ങളിൽ മഴ അശേഷം ഇല്ലായിരുന്നതിനാൽ ഭൂമി വരണ്ടു ഉണങ്ങി മരുഭൂമിക്കു സമമായിപ്പോന്നതിനാലിത്രെ. അതുകാരണം ജനങ്ങൾക്കു ഉപജീവനമാർഗ്ഗത്തിനുള്ള ധാന്യങ്ങളുകൂട്ടെ, സസ്യങ്ങളുകൂട്ടെ, കൃഷി ചെയ്യുവാൻ നിവൃത്തിയില്ലായിരുന്നു. ഈ ആപൽകര സ്ഥിതിയിൽ ദൈവ കോപം ശമിച്ചു് അനുഗ്രഹമുണ്ടാകുന്നതിനുവേണ്ടി വിശുദ്ധ കുർബ്ബാന യുടെ ഒരു പ്രദക്ഷിണം പരസ്യമായി നടത്തുന്നതിനു് അവിടത്തെ മഹമ്മദീയർ, അയൽവാസികളും സഹോദരങ്ങളുമായ ക്രൈസ്തവരോടു് ആവശ്യപ്പെട്ടു.

ദൈവാശീർവാദം അവരുടെ ഏവരുടെമേലും ഉണ്ടാകട്ടെയെന്നുള്ള സച്ചിന്തയാൽ പ്രേചിതരായിട്ടു് എല്ലാവരും പ്രദക്ഷിണത്തിനു സഹകരിച്ചുകൂട്ടത്തിൽ കൂടുകയും അവരുടെ ഔദ്യോഗിക മുറയുള്ള ഉടയും കെട്ടുംആയി, അപ്പത്തിന്റെ രൂപത്തിൽ മറഞ്ഞിരിക്കുന്ന ദൈവത്തെ എഴുന്നള്ളിക്കുന്ന സമയം അവക്കു പാടുള്ള സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതിനു തീരുമാനിച്ചു. ഉപേക്ഷിക്കപ്പെട്ട ഈ ജനാവലിയുടെ വിശ്വാസപ്രവൃത്തി വൃഥാവിലായില്ല. എങ്ങനെ എന്നാൽ, ദേവാലയത്തിൽനിന്നു പ്രദക്ഷിണം തെരുവീഥിയിലേയ്ക്കു മന്ദം മന്ദം ഇറങ്ങിയപ്പോൾതന്നെ അന്തരീക്ഷം മുഴുവനും കാർമേഘപടലത്താൽ നിറഞ്ഞുകഴിഞ്ഞു; എന്നു മാത്രമല്ല ഒട്ടും താമസിയാതെ, സോദോം ഗോമോറാ നശിപ്പിക്കാൻ ആകാശത്തുനിന്നു തീയും ഗന്ധകവും മഴ പോലെ ചൊരിഞ്ഞെന്നപോലെ ഈ ദ്വീപിനെ അനുഗ്രഹിക്കാൻവേണ്ടി മഴ വളരെ ശക്തിയായി പെയ്തതിനാൽ പ്രദക്ഷിണം നിറുത്തി പള്ളിയിലേയ്ക്കു മടങ്ങാൻ നിർബന്ധിതരായി.

ദൈവാനുഗ്രഹത്തിന്റെ ബാഹ്യ ലക്ഷണമായ ഈ മഴ "തുള്ളി തോരാതെ" മൂന്നുദിവസത്തേയ്ക്കു പെയ്തു് ഭൂമിയെ സുദൃഢിയായിത്തണുപ്പിച്ചു് ഫലപ്രദമാക്കിത്തീർത്തു. ഈ അൽഭുത സംഭവം മഹമ്മദീയരെ അൽഭുതപരവശരാക്കിത്തീർത്തെന്നു മാത്രമല്ല അവരിൽ അനേകംപേർ സത്യ

മതാവലംബികളായിത്തീരുകയും ചെയ്തു. ക്രിസ്ത്യാനികൾ മൂലമുണ്ടായ ഈ ദൈവാനുഗ്രഹത്തിനു് അവരോടു് ആചന്ദ്രതാരം കൃതജ്ഞതയുള്ളവനായിരിക്കുന്നതിനു് താൻ കടപ്പെട്ടിരിക്കുന്നുവെന്നുള്ള ബോധത്താൽ അവിടത്തെ ഗവർണർപോലും ക്രിസ്ത്യാനികളെ പൊതുവേയുള്ള പല നിയമങ്ങളിൽനിന്നും വിമുക്തരാക്കി.



സാധുക്കളുടെ സ്നേഹിതൻ

ഒരു സാധു നിഗ്രോ ഒരു ദിവസം വൈകുന്നേരം ബാൾട്ടിമോറിലുള്ള കർദിനാളിന്റെ അരമനയുടെ പടിക്കൽ എത്തി തന്റെ ഭാര്യ മരണാവസ്ഥയിൽ കിടക്കുന്നെന്നും അവൾക്കു അന്ത്യോപചാരം കൊടുക്കുന്നതിനായി ഒരു വൈദികനെ ഉടനെ അയച്ചുകൊടുക്കാൻ പറയണമെന്നും പടികാവൽക്കാരനോടു പറഞ്ഞു. വൈദികരായി അന്നു അവിടെ ആരുമില്ലെന്നും കർദിനാൾ ഗിബൺസ് മാത്രമെയുള്ളുയെന്നും അതുകൊണ്ടു അയാൾ അവിടെ നിന്നിട്ടു് ആവശ്യമില്ലെന്നും പടികാവൽക്കാരൻ അയാളോടറിയിച്ചു. ഇതുകേട്ടിട്ടു് ആ സാധു മനുഷ്യൻ പോകാതെ അവിടെ നിന്നുകൊണ്ടു "അച്ചോ, വേഗം വരണെ" എന്നു വിളിച്ചുകൊണ്ടിരുന്നു. എങ്ങനെയൊ ശബ്ദം നമ്മുടെ കർദിനാളിന്റെ ചെവിയിൽ എത്തി. അദ്ദേഹം സ്ഥലത്തുവന്നന്വേഷിച്ചപ്പോൾ അദ്ദേഹത്തിനു കാര്യം വേഗം മനസ്സിലായി. അദ്ദേഹം തന്നെപോയി ആ മനുഷ്യന്റെ ആഗ്രഹനിവൃത്തി വരുത്തികൊടുക്കുന്നതിനു തീർച്ചയാക്കി. ആ സമയത്തു കാറും മഴയും ശക്തിയായി ഉണ്ടായിരുന്നതുകൊണ്ടു പുറത്തു പോകുന്നതു ആപല്ക്കരമാണെന്നു പറഞ്ഞു പടികാവൽക്കാരൻ എത്ര അപേക്ഷിച്ചിട്ടും അതിനെ വകവെയ്ക്കാതെ ഒരു വയസ്സു പ്രായമുണ്ടായിരുന്ന ആ പുണ്യദേഹം അയാളുടെകൂടെ പോയി അയാളുടെ ഭാര്യയ്ക്കു് അന്ത്യകൂദാശകൊടുത്തു അയാളെയും ഭാര്യയേയും സമാധാനപ്പെടുത്തി വേഗം മടങ്ങിവരികയും ചെയ്തു.

* * * *

ഡബ്ളിയു ജി ഡൊനോവൻ കാനഡായിൽ വിനിപ്പെഗ്ഗിലെ ഒരു കത്തോലിക്കാ ബ്രാഹ്മണനാണു്. ഇദ്ദേഹത്തെ ഇതിനിടെ മാനിട്ടോബായിലെ ഒരു ന്യായാധിപതിആയി നിയമിച്ചിരിക്കുന്നു.

ഒരു കൊലപാതകന്റെ മാനസാന്തരം.

(ബ്രദർ ഐസക്ക്)

(സിയറാമലകർക്കടുത്തു സംഭവിച്ച ഒരു വാസ്തവ കഥ)

പാഷനിസ്റ്റ് സഭാംഗങ്ങളായ മിഷ്യനറിമാർ സിയറാമലയ്ക്കടുത്ത ഒരു ശ്രുപതയിലേയ്ക്കു വിളിക്കപ്പെട്ടകയും അവിടെ ഒരു പട്ടണത്തിൽ താമസിക്കയും ചെയ്തു. അവർ മൂന്നച്ചന്മാരും ഒരു സഹോദരനും മാത്രമെ ഉണ്ടായിരുന്നുള്ളു. ഇവരിൽ അസാധാരണമായ പൊക്കവും വണ്ണവുമുള്ള ഫാദർ പെഡ്റോ എന്ന ദേഹമായിരുന്നു അവരുടെ തലവൻ. ദുസ്വഭാവികളായ പുരുഷന്മാരും സ്ത്രീകളും ആ പട്ടണത്തിൽ ധാരാളമായിരുന്നു. ഖനികളിൽ ജോലിചെയ്തിരുന്ന പലരും തങ്ങളുടെ സമ്പാദ്യങ്ങളെയും സപ്പണ്ണപ്പൊടികളെയും ഈ അച്ചന്മാരുടെ ചെറിയ ഗൃഹത്തിൽ സൂക്ഷത്തിനേല്പിച്ചിരുന്നു എന്നു് അവാസ്തവമായ ഒരു ശ്രുതി ആ നാട്ടിൽ പരന്നിരുന്നു.

ഒരു ദിവസം വൈകുന്നേരം ഫാദർ പെഡ്റൊ തന്റെ വസതിയുടെ പുറകിലായി വിറകുവെട്ടിയെടുക്കുന്നതിൽ ഏർപ്പെട്ടിരുന്നു. കുറെകഴിഞ്ഞപ്പോൾ തന്റെ അരികിലുള്ള ഒരു വേലിമേൽ ക്രൂര മുഖത്തോടുകൂടിയ ഒരുവൻ ഇരിക്കുന്നതായും ഇടയ്ക്കിടയ്ക്കു തന്റെ നേരെയും ആ ചെറിയ വീടിനെയും സൂക്ഷിച്ചു നോക്കുന്നതായും കണ്ടു. അല്പം കഴിഞ്ഞപ്പോൾ ഫാദർ പെഡ്റൊ അവന്റെ അരികിൽച്ചെന്നു സന്തോഷത്തോടുകൂടി അവൻ എന്തുചെയ്യുകയാണെന്നു ചോദിച്ചു. അവൻ ഒരു ധാർഷ്ട്യ മുഖത്തോടെ "എനിക്കിവിടെ ഇരിക്കാൻ പാടില്ലെ! എനിക്കു ജോലിയൊന്നും കിട്ടിയില്ല; പണവുമില്ല. ഞാനാരെയും ഉപദ്രവിക്കുന്നില്ലല്ലൊ" എന്നു മറുപടി പറഞ്ഞു.

ഫാദർ പെഡ്റൊ ചിരിച്ചുകൊണ്ടു്, തന്റെ കോടാലി താഴെ വച്ചിട്ടു് ഇങ്ങിനെ പറഞ്ഞു "കൊള്ളാം, എത്ര നേരമെങ്കിലും തനിക്കിവിടെ ഇരിക്കാം. എന്നാൽ താൻ ഇറങ്ങിവരിക. താൻ ഒരു സത്യസന്ധനാണെന്നു തോന്നുന്നു. ഇതാ ഒരു ഡോളർ. താൻ അടുത്ത ഹോട്ടലിൽപോയി സുഖമായി ഭക്ഷണം കഴിക്കുക. ഒരുപക്ഷെ നിനക്കവിടെ ഒരു ജോലി വല്ലതും കിട്ടാൻ എളുപ്പമുണ്ടു്. ഇല്ലെങ്കിൽ നാളെ ഇങ്ങോട്ടു തിരിച്ചുവരിക. തനിക്കു് ഒരു ജോലിതരാൻ ഞാൻ നോക്കാം".

ആ മനുഷ്യൻ ഒരു ചാട്ടത്തിനു വേലികടന്നു് ഡോളറും വാങ്ങി ഒരു ചെറു സ്വരത്തിൽ ഉപകാരംപറഞ്ഞിട്ടു് ഉടനെ അവിടംവിട്ടു.

പിറ്റെദിവസം അവന്റെ വരവിനായിട്ടു ഫാദർ പെഡ്റൊ കാത്തിരുന്നു. എന്നാൽ അവൻ ഒരിക്കലും തിരിച്ചുവരാത്തതിനാൽ വല്ല ജോലിയും കിട്ടിക്കാണുമെന്നു് അദ്ദേഹം തീർച്ചയാക്കി.

നാളുകൾ പലതും കഴിഞ്ഞു. ഫാദർ പെഡ്റൊ ഈ സംഭവം ഏറെക്കുറെ മറന്നു. ഇപ്രകാരമുള്ള പലതും സംഭവിക്കുക പതിവുള്ളതായിരുന്നു. എങ്കിലും അദ്ദേഹം അവയെപ്പറ്റിയെല്ലാം വളരെ കരുണയോടെ വിധിക്കയാണു ചെയ്തതു്.

വർഷകാലമായി. നമ്മുടെ കഥ നടക്കുന്ന പട്ടണത്തിൽ വർഷം കലശലായിരുന്നു. ഫാദർ പെഡ്റൊ മലകളിലുള്ള ചില സ്ഥലങ്ങൾ സന്ദർശിപ്പാൻ പോയിരുന്നു. യാത്രാക്ഷീണം ധാരാളമുണ്ടായിരുന്നു. അദ്ദേഹം ചൊവ്വാഴ്ച തിരിച്ചുവന്നു. അത്താഴം കഴിഞ്ഞശേഷം അല്പം ആശ്വസിച്ചിട്ടു കപ്പേളയിലേയ്ക്കു പോകാമെന്നു കരുതി ഒരു കസേരയിൽ ഇരുന്നു. അടുത്തുകിടന്നിരുന്ന ഒരു മേശപ്പുറത്തുനിന്നു് ഒരു പഴയ പത്രമെടുത്തു് അശ്രദ്ധയോടെ അങ്ങുമിങ്ങും ചിലതു വായിച്ചുതുടങ്ങി. ഒരു വലിയ കവർച്ചക്കാരനെ പിടിച്ചതായി പറഞ്ഞ ഭാഗത്തു് അദ്ദേഹത്തിന്റെ കണ്ണുകൾ പതിച്ചു. ഒരു ഭയങ്കരനായ കവർച്ചക്കാരനും പല കൊലപാതകങ്ങൾ നടത്തിയിട്ടുള്ളവനുമായ ഇവന്റെ ദുഷ്കീർത്തി പട്ടണം മുഴുവൻ വ്യാപിച്ചിരുന്നു. അവനെ വ്യാഴാഴ്ച കഴുവിൽ തൂക്കികൊല്ലുവാനാണു് വിധിച്ചിരുന്നതു്. പല സ്ഥലങ്ങളിൽനിന്നും ബ. അച്ചന്മാർ ജെയിലിൽചെന്നു് ഇവനെ ഒരു നല്ല മരണത്തിനൊരുക്കുവാൻ ശ്രമിച്ചിരുന്നു. പക്ഷെ അവൻ അവരെയെല്ലാം ദൂഷണം പറഞ്ഞു ശപിക്കുകയും അവരിൽ ഒരാളെ അപായപ്പെടുത്തുവാൻകൂടി നോക്കുകയും ചെയ്തു.

നിത്യനാശത്തിൽപെട്ടവന്റേതുപോലെ അവന്റെ സ്വഭാവം കാണപ്പെടുകയും എല്ലാവരും അവനെ കൈവെടികയും ചെയ്തു. എന്നാൽ ഫാദർ പെഡ്റൊയ്ക്കു് ഇവന്റെമേൽ അനുകമ്പ ജനിച്ചു. ഉദ്വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഇവന്റെ കൊലശിക്ഷ നടക്കാൻ ഇനി രണ്ടു ദിവസമേയുള്ളു. അവന്റെ ആത്മാവിനെ രക്ഷിപ്പാൻ സാധിക്കുമോ? ഫാദർ പെഡ്റൊ ഇപ്പോൾ ഒരു വലിയ യാത്രകഴിഞ്ഞു വന്നിരിക്കയാണു്. ചൊവ്വാഴ്ച രാത്രി കുറെ വൈകിയിരിക്കുന്നു. വഴികൾ

മഞ്ഞുവീണു മൂടിയിരിക്കുന്നു. കുറച്ചുള്ളി കിടക്കുന്ന ജയിലൊ മല കൾക്കപ്പുറം അനേകമയിൽ ദൂരെ. എന്നാൽ ഒരാത്മാവിന്റെ രക്ഷ! ക്രിസ്തുവിന്റെ രക്തം ചിന്തി വീണ്ടുകൊള്ളപ്പെട്ട ഒരാത്മാവു്! ഈ വ ചാരം അദ്ദേഹത്തിൽ ഒരു പുതിയ ശക്തിയെ ഉളവാക്കി. ക്ഷീണമെ ല്ലാം മറന്നുപോയി. അയൽവാസികൾക്കു് അദ്ദേഹത്തിനോടു വലിയ ബഹുമാനമുണ്ടായിരുന്നു. അദ്ദേഹം ഉടനെ ഒരു നല്ല കുതിരാലയത്തി ൽചെന്നു് ഒരു വണ്ടിയും രണ്ടു കുതിരകളെയും കൂലിക്കെടുത്തു് ശിഷ്യ ത്തിൽ യാത്ര തിരിച്ചു. രാത്രി മൂന്നുവൻ അദ്ദേഹം യാത്രചെയ്തു. മലമ്പാ ഥകൾ പ്രയാസമുള്ളവയും ആപല്ലുരങ്ങളും ആയിരുന്നു. ശക്തിയായ മഞ്ഞും കാറ്റും ഉണ്ടായിരുന്നു. കൂടാതെ, തിരിച്ചുവരുമ്പോൾ വാങ്ങിച്ചു കൊള്ളാം എന്ന ധാരണയിൽ ഇടയ്ക്കിടയ്ക്കു കുതിരകളെ മാറേണ്ടിയും ഇരു ന്നു. ബുധനാഴ്ച കാലത്തു് വൈകുന്നേരം അദ്ദേഹം കുറച്ചുള്ളി കിട ന്നിരുന്ന ജയിലിൽ എത്തി. പുള്ളിയെപ്പറ്റി അന്വേഷിച്ചപ്പോൾ അവനെ അവിടെ ഉള്ളതിലേക്കും ഉറപ്പുള്ള മുറിയിൽ സൂക്ഷിച്ചിരിക്കു കയാണെന്നു ജയിൽ ഉടമസ്ഥന്മാർ പറഞ്ഞു. അവരോടു ഫാദർ പെ ഡ്രൊ:— "കൊള്ളാം. ഞാൻ ഈ മലകൾ കടന്നു അവനെ കാണാ ൻ വന്നിരിക്കുകയാണു. ഞാൻ ഒരു പട്ടക്കാരനാണു."

"എന്നാൽ അച്ചാ, അവൻ തന്റെ മുഷ്ടികൊണ്ടു അങ്ങു കൊന്നു കളയും. അവൻ ഒരു ക്രൂരമൃഗത്തിനു തുല്യനാണു". എന്നു ജയിലധി കാരികൾ പറഞ്ഞു. "എന്നെപ്പറ്റി പേടിക്കേണ്ട, എന്നെക്കൊണ്ടാൽ തല്ലുകിട്ടുമെന്നു തോന്നുന്നുണ്ടോ?" എന്നു ഫാദർ ചോദിച്ചു.

ഫാദർ പെഡ്രൊയുടെ വലിയ ദേഹത്തേയും, സൌഷ്ഠവത്തേയും ജയിലർ ആശ്ചര്യത്തോടെ നോക്കി. പക്ഷെ, തലകുലുക്കിക്കൊണ്ടു "ഞാൻ ധൈര്യപ്പെടുകയില്ല, ഫാദർ; ആ മനുഷ്യൻ ഒരു മഹാ ദുഷ്ടനാ ണു. ഒരു രാക്ഷസനെപ്പോലെ ശക്തിയുമുണ്ടു്." എന്നു പറഞ്ഞു.

"ആട്ടെ, ഞാൻ അവനെ ഒന്നു നോക്കിക്കൊള്ളട്ടെ. അതിനു വി രോധമുണ്ടോ," എന്നു ഫാദർ ചോദിച്ചു.

"ഓഹോ അങ്ങു ഒരു പട്ടക്കാരനായിരിക്കുന്നസ്ഥിതിക്കു വേണമെ ങ്കിൽ അവനെ ഒന്നു നോക്കാനനുവദിക്കാം. പക്ഷെ അവനെ കണ്ടുക ഴിഞ്ഞാൽ ഉടനെ മരി എന്നു അവിടുന്നു പറയും."

കാവൽക്കാരൻ ഫാദർ പെഡ്രൊയെ കൂട്ടിക്കൊണ്ടു് വലിയ ഇരു മ്പഴികളുള്ള വരാന്തയിൽക്കൂടി പോയി. ഒന്നൊഴിച്ചു മാറു ജയിൽമുറിക

ളെല്ലാം ഒഴിവായിരുന്നു. കല്ലുപാകിയ ആ വരാന്തയിൽ അവരുടെ കാലടികളുടെ ഒച്ചകേട്ടു ഉടനെ നമ്മുടെ ജയിൽപുള്ളി തന്റെ മുഷ്ടിചുരുട്ടി, ഒരു ക്രൂരമൃഗത്തെപ്പോലെ പല്ലും കാണിച്ചുകൊണ്ടു വാതുക്കൽ വന്നുനിന്നു. അവൻ ദീക്ഷാഗുരുനായ ഫാദർ ഫെഡ്റൊയെ കണ്ടതോടുകൂടി ആ കാവൽക്കാരനു അത്ഭുതം തോന്നാത്തവിധത്തിൽ "ഓ, അച്ചാ, വരിക, വരിക," എന്നു നിലവിളിച്ചു.

"വാതൽതുറക്കുക" എന്നു ഫാദർ പെഡ്റൊ നിർബന്ധമായിപറഞ്ഞു.

"പാടില്ല. ഞാൻ തുറക്കുകയില്ല. അവൻ അങ്ങെ കൊന്നുകളയും" എന്നു കാവൽക്കാരൻ ഉത്തരിച്ചു.

"താൻ തുറക്കെടൊ. ഞാൻ അകം കടക്കട്ടെ. ഒന്നും പേടിക്കേണ്ട." ജയിലർ വീണ്ടും പറഞ്ഞു. ഫാദർ പെഡ്റൊ വീണ്ടും നിർബ്ബന്ധിച്ചു. ഒടുവിൽ വാതൽ തുറന്നു, ഫാദർ പെഡ്റൊ അകത്തുകടന്നു.

"ഇനി വാതൽ പൂട്ടിയിട്ടു പൊയ്ക്കൊള്ളുക" എന്നു ഫാദർ പറഞ്ഞു. വാതൽ അടച്ചപ്പോൾ ഫാദർ പെഡ്റൊ അകത്തേക്കു നോക്കാവുന്ന ആ ചെറിയ ദ്വാരവും അടച്ചിട്ടു പുള്ളിയുടെ നേരെ തിരിഞ്ഞു. അവൻ ഇതാ, ഫാദർ പെഡ്റൊയുടെ കാല്മൽ വീണുകരയുകയും, ഏങ്ങലിടിക്കുകയും ചെയ്യുന്നതായി കാണപ്പെട്ടന്നു.

"ഓ! അച്ചാ, അച്ചാ,! ദൈവം അങ്ങയെ അയച്ചു. അങ്ങയെ അയക്കുവാനായി ഇഷ്ടനാണെങ്കിലും ഞാൻ ചെയ്ത പ്രാർത്ഥനയെ ദൈവം ചെവിക്കൊണ്ടു.

"എന്തു, എന്റെ മകനെ, നീ എങ്ങിനെ എന്നെ അറിയും. ഞാൻ നിന്നെ ഒരിക്കലും കണ്ടിട്ടില്ലല്ലൊ."

ഒ, അച്ചാ, അങ്ങു എന്നെ കണ്ടിട്ടുണ്ട്. കണ്ടിട്ടുണ്ട്. എന്നെ മരണത്തിനൊരുക്കുവാൻ ദൈവം അങ്ങയെ അയച്ചതാണു. എനിക്കു ഒരു നല്ല കത്തോലിക്കനാകണം.

"ഹാ എന്റെ സാധു! ദൈവം നിശ്ചയമായും നിന്നോടു കരുണകാണിച്ചു എങ്ങിനെയാണെന്നു എനിക്കുതന്നെ അറിഞ്ഞുകൂടാ. നിന്നെവന്നു കാണണമെന്നു എനിക്കു ശക്തിയായ ഒരു ആഗ്രഹം തോന്നി. കഴിഞ്ഞ രാവുമുഴുവൻ ഞാൻ മലമ്പ്രദേശങ്ങളിൽക്കൂടി ദീർഘയാത്രചെയ്തു ഇപ്പോൾ ഇതാ ഇവിടെ വന്നിരിക്കുന്നു. അതെ, നിശ്ചയമായും ദൈവമാണു എനിക്കിതു തോന്നിച്ചതു. എന്റെ മകനെ വരിക, കുമ്പസാരം കഴിപ്പാൻ ഞാൻ നിന്നെ സഹായിക്കട്ടെ.

"അതൊരു ദീഘ്രകുമ്പസാരമാണച്ചാ, എത്ര എത്ര വർഷങ്ങൾ" എന്നു ഇപ്പോഴും അച്ചന്റെ കാല്ക്കൽ മുട്ടുമ്മേൽ നില്ക്കുന്ന ആ സാധു, ദീഘ്രനിശ്വാസത്തോടുകൂടി പറഞ്ഞു.

"ഇതു വകവക്കണ്ട, ഇപ്പോൾ തന്നെ തുടങ്ങാം. ദൈവം നിന്നെ സഹായിക്കും."

അവിടെ വേറെ ഇരിപ്പിടമൊന്നുമില്ലാതിരുന്നതിനാൽ ഫാദർ പെഡ്രൊ ആ ചെറിയ ഇരുമ്പുകിടക്കമേൽ ഇരുന്നു. പോക്കറ്റിൽനിന്നു ഉറാല എടുത്തു, തന്റെ ഒരു കൈ ആ സാധുവിന്റെ തലയിൽ തൊട്ടു. മറെറ കൈകൊണ്ടു അവനെ കെട്ടിപ്പിടിച്ചുകൊണ്ടു അദ്ദേഹം കുമ്പസാരം കേൾപ്പാൻ തുടങ്ങി. നിശ്ചയമായും, സപ്തുത്തിൽനിന്നു മാലാഖമാർ, ആ ജയിലിൽ സംഭവിക്കുന്നതിനെ അത്യാഹ്ലാദത്തോടെ നോക്കിക്കാണുകയായിരുന്നിരിക്കണം.

കുറക്കാരൻ തന്റെ കുമ്പസാരം തീർത്തപ്പോൾ ഫാദർ പെഡ്രോ മോചനത്തിന്റെ വാക്കുകൾ അവന്റെമേൽ ഉച്ചരിച്ചു. അവനു നല്ല മനസ്താപമുണ്ടായിരുന്നു. എന്നുതന്നെയല്ല, അവൻതന്നെ പറഞ്ഞതുപോലെ ഭയങ്കരവും അപമാനകരവുമായ മരണശിക്ഷകൊണ്ടു്, അവന്റെ നികൃഷ്ടജീവിതത്തിന്റെ പാപങ്ങൾക്കു പരിഹാരം ചെയ്യാൻ അവൻ തയാറായുമിരുന്നു. ദൈവം ഫാദർ പെഡ്രോയെ അവനു അയച്ചുകൊടുത്തതു എത്ര വലിയ ഒരു കരുണയുടെ പ്രവൃത്തിയായിരുന്നു. എന്നാൽ ഫാദർ പെഡ്രോ ആശ്ചര്യപ്പെട്ടുകൊണ്ടു്! "നീ എങ്ങിനെ എന്നെ അറിയും. ഞാൻ ഒരിക്കലും നിന്നെ കണ്ടിട്ടില്ലെന്നുള്ളതു തീച്ചയാണു. ദൈവത്തോന്നിപ്പു എന്നെ ഇവിടെ കൊണ്ടുവന്നു എന്നുള്ളതുമാത്രമെ എനിക്കറിയാവൂ."

"അച്ചാ, കുറെ മാസങ്ങൾക്കു മുമ്പു് പട്ടണത്തിൽവച്ചു, ഒരിക്കൽ അങ്ങു, വീട്ടിനു വെളിയിൽനിന്നു വിറകു ശേഖരിച്ചുകൊണ്ടു നിന്നതു ഓർക്കുന്നുണ്ടോ. അപ്പോൾ ഒരുവൻ ആ വേലിമേലിരുന്നുകൊണ്ടു അങ്ങെ സൂക്ഷിച്ചുനോക്കുന്നതായി കണ്ടപ്പോൾ, അങ്ങു അവനെ വിളിച്ചു തന്റെ പുത്രനെപ്പോലെ അവനോടു സംസാരിച്ചതും അവനു ഒരു ഹോട്ടലിൽ പോയി ഭക്ഷണം കഴിപ്പാൻ ഒരു ഡോളർ കൊടുത്തിട്ടു ജോലി കിട്ടിയില്ലെങ്കിൽ അടുത്തദിവസം വീണ്ടും വരുവാൻ പറഞ്ഞയച്ചതും ഓർക്കുന്നില്ലെ. ഞാൻ തന്നെയായിരുന്നു അവൻ; അച്ചാ, ഞാൻ കൊലപാതകത്തെ ഉദ്ദേശിച്ചാണു അവിടെ വന്നിരുന്നതു. ആ രാത്രി അവിടെ കൊ

ള്ള ചെയ്യ അവിടെ ഉണ്ടെന്നു കേട്ടിരുന്ന പണവും സ്വർണ്ണപ്പൊടികളും കൈക്കലാക്കാനുള്ള തരംനോക്കി പോകാൻ ഞാൻ വന്നിരുന്നതാണു. ഞാൻ അങ്ങെ കൊല്ലുവാൻ മടിക്കയില്ലായിരുന്നു. പക്ഷെ .....

(ഇത്രയും പറഞ്ഞിട്ടു, പിന്നീടു അവനു തുടരാൻ സാധിക്കാതെ മുഖം മറച്ചു)

ഫാദർ പെഡ്രോ ഇപ്പോൾ സംഭവങ്ങളെ ഓർത്തുതുടങ്ങി. "അതെ, ഇപ്പോൾ ഞാൻ ഓർക്കുന്നുണ്ടു്. നീ അടുത്തദിവസം വരുമെന്നു പറഞ്ഞിട്ടു വന്നുമില്ല. തിരിച്ചുവന്നു നിനക്കു ജോലികിട്ടിയ വിവരത്തെപ്പറ്റി പറയുമെന്നു ഞാൻ വിചാരിച്ചിരുന്നു."

"അച്ചാ, അങ്ങെ കനിവേറിയ വാക്കുകൾ, ആ ഡോളർ, ഇവയുടെ ഓർമ്മ എന്റെ ലാക്കുകളെ പാടെമാറ്റി. അങ്ങെപോലെ ഉള്ള ഒരാളെ ഞാൻ എങ്ങിനെ കവച്ചുചെയ്യും? പിന്നീടു ഞാൻ കൊലപാതകങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും അങ്ങയുടെ ഓർമ്മ അധികം മോശമായവയിൽനിന്നു എന്നെ തടുത്തിട്ടുണ്ടു്. അവർ എന്നെ അറസ്റ്റുചെയ്തപ്പോൾ ഇനി ഒരിക്കലും അങ്ങെ കാണാൻ സാധിക്കുകയില്ലെന്നുള്ള പേടി എന്നെ ഏറ്റവും ദുഃഖിപ്പിച്ചു. രാവും പകലും ഞാൻ ദൈവത്തോടു കരഞ്ഞു നിലവിളിക്കുകയും, മറ്റുചിലർ ഇവിടെ വന്നപ്പോൾ അവരോടു വലിയ ദ്വേഷ്യം തോന്നുകയും ചെയ്തു. അങ്ങാണു ദൈവത്തിന്റെ ശരിയായിട്ടുള്ള ശുശ്രൂഷി. പിതാവെ! അങ്ങു ഇതിന്റെ അവസാനംവരെ എന്നോടുകൂടി ഉണ്ടായിരിക്കേണമെ."

ഫാദർ പെഡ്രോ ഏറ്റവും വിസ്മയിക്കുകയും, അവന്റെ അപേക്ഷപ്രകാരം സമ്മതിക്കുകയും ചെയ്തു. ജയിലർ രണ്ടാമതു തിരിച്ചുവന്നു ജയിൽ ദ്വാരത്തിൽക്കൂടി അകത്തോട്ടു നോക്കിയപ്പോൾ അത്യന്തം ക്രൂരനായിരുന്ന ആ കുറ്റപ്പുള്ളി അച്ചന്റെ കാൽക്കൽ കരയുന്നതായിട്ടും, ഫാദർ പെഡ്രോ അവനെ ആലിംഗനം ചെയ്തു ആശ്വസിപ്പിക്കുന്നതായിട്ടുമത്രെ കാണപ്പെട്ടതു.

ഈ കുറ്റപ്പുള്ളിയുടെ മനസ്താപവും, വിഷമേറിയ അവന്റെ മരണവും അവനു മുങ്ങിയ ഒരു ശുദ്ധീകരണസ്ഥലം ഇഹത്തിൽവച്ചുതന്നെ തയാറാക്കിയെന്നും, ഒരു പുതിയ സ്നേഹിതൻ തനിക്കു സ്വർഗ്ഗത്തിലുള്ളതായി താൻ വിശ്വസിക്കുന്നുവെന്നും, ഫാദർ പെഡ്രോ പറഞ്ഞിരിക്കുന്നു.

തിരുഹൃദയസ്തവം.

(ജി. ജെ. മാവുങ്കൽ, ഒരു വിദ്യാർത്ഥി.)

ചെഞ്ചുരുട്ടി ആടി—പഞ്ചമ പാതകാ—എന്ന മട്ട്.

1. ക്രീസ്തുവേ! യെൻനാഥാ, സത്യദൈവസുതാ,
അസ്തേ സപ്തസ്തിസദാ—കർത്തനേ! (അസ്തേ . . .)

2. മർത്ത്യാവനലോലാ, ദിവ്യസ്നേഹശീലാ,
പാർത്തല പാലകനേ—സപ്തസ്തിതേ. (പാർത്തല . . .)

3. ദീനദയാപരാ, കൽമഷസംഹാരാ,
പരമപരാപരാ—സപ്തസ്തിതേ. (പരമ . . .)

4. ആഹവവേളയിലാശ്രയസാധാരമേ
ഹാ! ഹ! സ്നേഹാകാരമേ!—സപ്തസ്തിതേ. (ഹാഹ! . . .)

കൊറന്തഗ്രാതെ എന്ന പുതിയഇറാല്യൻ അമേരിക്കൻ ആവിക്കപ്പൽ കഴിഞ്ഞാൾ അസ്സുംപ്തേസിയുടെ ആശിർവ്വാദം സ്വീകരിപ്പാനായി നേപ്പിൾസിൽ എത്തിയിരുന്നു. ഇതിൽ ഒരു സ്ഥിരകപ്പോൻ എന്നും ഉണ്ടായിരിക്കുന്നതുമാണ്.

* * * *

പടിഞ്ഞാറെ ആഫ്റിക്കയിലെ ഒങ്കദോഗോവികാരിയാത്തിലെ വൈറ്റ്ഫാദേഴ്സ് എന്ന പുരോഹിതർ ബളം നാഭ എന്നസ്ഥലത്തെ മോസിരാജാവിനേയും തന്റെ ഉള്ള പുരുഷന്മാരേയും ജ്ഞാനസ്നാനപ്പെടുത്തിയിരിക്കുന്നു.

* * * *

പരേതനായ സർ ചാൾസ് റസ്സൽ ലണ്ടനിലെ അതിപ്രസിദ്ധനായ ഒരു വക്കീൽആയിരുന്നു. "ലണ്ടനിലെ കത്തോലിക്കരും പൊതുജനജീവിതവും" എന്നപുസ്തകമെഴുതിയതും ഇദ്ദേഹമാണ്. സംകലിത ലണ്ടൻകത്തോലിക്കസംഘങ്ങളുടെ ആദ്യത്തെ യോഗത്തിൽ പ്രസിഡണ്ടായിരുന്നതും ഇദ്ദേഹമാണ്.

ഇംഗ്ലണ്ടിലെ കത്തോലിക്കർ.

ഇംഗ്ലണ്ട് പ്രോട്ടസ്റ്റാൻറുകാരുടെ ഒരു കേന്ദ്രമാണല്ലൊ. കത്തോലിക്കരെ അവർക്കു വലിയ വെറുപ്പുമാണ്. എന്നാൽ ഈയിടെയായി കത്തോലിരെക്കുറിച്ചുള്ള അവരുടെ വെറുപ്പിനു വളരെ കുറവുള്ളതായി അറിയപ്പെട്ടുന്നുണ്ട്. കത്തോലിക്കരോടു പ്രോട്ടസ്റ്റാൻറുകാർ അധികമധികം സഹിഷ്ണത പ്രദർശിപ്പിച്ചുവരുന്നതായി "കത്തോലിക്കരജിസ്റ്റർ ആൻഡ് കനേഡിയൻ എക്ലസ്റ്റിറ്റിക്കൽ" എന്ന പത്രം തെളിയിച്ചിരിക്കുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിലെ "നവീകരണം" കഴിഞ്ഞ ഉടനെ കത്തോലിക്കാസഭക്കു ഇംഗ്ലണ്ടിലുണ്ടായ വിഷമതകളെക്കുറിച്ചു ചരിത്രം വായിച്ചിട്ടുള്ളവർക്കെല്ലാം അറിയാം. വിശ്വാസത്തെപ്രതി പല കത്തോലിക്കരേയും തീയിട്ടു ചുട്ടിട്ടുണ്ട്. ഇംഗ്ലണ്ടിലെ കത്തോലിക്കർ അന്നു മതത്തോടു എത്ര ഭക്തി കാണിച്ചിരുന്നുവെന്നു കാണ്മാനുള്ള ഭാഗ്യം ഇന്നത്തെ തലമുറയ്ക്കുണ്ടായില്ല. ഈ ഇരുപതാം നൂറ്റാണ്ടിൽ, നാം വിപുലമായ നാഗരികതയിലും പരിഷ്കാരത്തിലും എത്തിയിരിക്കുന്നുവെന്നു മോഹിക്കുന്ന ഈ നാളുകളിൽ, മെക്സിക്കോവിൽ നടക്കുന്ന കഠിനതകളെക്കുറിച്ചറിഞ്ഞിട്ടുള്ളവർക്കു അന്നത്തെ കഷ്ടതകളുടെ വിധങ്ങളെക്കുറിച്ച് എതാണ്ടൂഹിപ്പാൻ വിഷമമുണ്ടാകയില്ല.

എന്നാൽ ഇംഗ്ലണ്ടിലെ കത്തോലിക്കർ തങ്ങളുടെ അതന്ത്രമായ ധീരതയാലും നിഷ്കളങ്കതയാലും സൽസ്വഭാവത്താലും ജീവിതശുദ്ധിയാലും സകല വിഷമതകളേയും ജയിച്ചുനിന്നു. കത്തോലിക്കാസഭയിൽ ചേർന്നവനാണെന്നു പറഞ്ഞാൽ അവൻ അപകടക്കാരനാണെന്നു അർത്ഥമാക്കി അവനെ പീഡിപ്പിച്ചുവന്നിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ദൈവകൃപയാൽ ആ കാലം കഴിഞ്ഞുപോയല്ലൊ കത്തോലിക്കരേയും അവരുടെ മതത്തേയുംകുറിച്ചധികമധികം അറിവുണ്ടാകുന്തോറും സഭയിടെ അധികമധികമഭിവൃദ്ധിപ്പെട്ടുതന്നെയാണു വരുന്നതു്.

പുരോഹിതന്മാർ ഇന്നഇന്ന തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കാൻ പാടില്ലെന്നും ദേവാലയങ്ങളിൽ ആരാധിപ്പാൻ പാടില്ലെന്നും മറ്റും വിലക്കിയിരുന്ന പുരാതന നിയമങ്ങളൊന്നും ഇന്നില്ല. പരസ്യമായി പരിശുദ്ധ കുർബാന എഴുന്നള്ളിക്കുന്നതുപോലും ഇന്നു തടവാൻ മുതിരുന്നവർ അവിടെ ഇല്ല. ഒരു മുപ്പതു കൊല്ലംമുമ്പു ദേവമാതാവിന്റെ

സ്ഥതിക്കായി നടത്തിയ ഒരു ഘോഷയാത്രയിൽ പ്രധാനിയായിനിന്ന ഫാദർ ഫിലിപ്പ് ഫ്ളെച്ചറെ തടയുകയുണ്ടായി. 1715-മുതൽ ഈ സ്ഥിതിഗതികൾക്കു വല്ലാത്ത മാറ്റംവന്നു. അക്കൊല്ലമാണ് അവിടെ വച്ച് പരിശുദ്ധ കുബ്ബാനയുടെ മഹായോഗം നടത്തപ്പെട്ടതു്. അന്നു മാപ്പ്രാപ്പ്രായുടെ വിരോധികളെ സംതൃപ്തിപ്പെടുത്താനായിമാത്രം ഗവർമേണ്ടു ആ ഘോഷയാത്രയെ വിരോധിച്ചു.

ഈയിടെയായി ഇംഗ്ലണ്ടിൽ കത്തോലിക്കരുടെ ജനസംഖ്യ വളരെ വർദ്ധിച്ചിട്ടുണ്ട്. എല്ലാ തലസ്ഥാനങ്ങളിലും കത്തോലിക്കർ അതി പ്രശസ്തമായി ശോഭിക്കുന്നുണ്ട്. ഇംഗ്ലണ്ടിന്റെ ഐശ്വര്യത്തിനും സമാധാനത്തിനുംവേണ്ടി അവർ പലതും സാരമായി ശ്രമിക്കുന്നുണ്ട്. ഫ്രൻഞ്ചു-ജർമ്മൻ യുദ്ധത്തിൽമോന്നു വലിയ ബഹുമതികൾ നേടിയ എത്രയോ കത്തോലിക്കർ അവിടെയുണ്ട്. ലോകത്തിൽ എവിടെയും അതി പ്രസിദ്ധരായിത്തീർന്നിട്ടുള്ള ചെസ്റ്റർട്ടൻ, ഹില്ലോർ ബെല്ലോക്ക്, എന്നിങ്ങിനെയുള്ള മഹാമഹാന്മാരടങ്ങിയ കത്തോലിക്കസംഘത്തെ ഇംഗ്ലണ്ടു എങ്ങിനെ അനാദരിയ്ക്കും?

പാർലിമെൻറിലെ ഹൗസ് ഓഫ് കോമൺസ്സു് (House of Commons) എന്ന ജനസഭയിൽ 42 കത്തോലിക്കരുണ്ട്. കത്തോലിക്കരുടെ ജനസംഖ്യയ്ക്കനുസരിച്ചായിട്ടില്ലെങ്കിലും ഇതു് ഒരു നല്ല ആരംഭമാണ്. പ്രഭുസഭയിലും 28 കത്തോലിക്കർക്കു ഇരിപ്പു ലഭിച്ചിരിക്കുന്നു രാജാവിന്റെ ഉപദേശകസംഘമായ പ്രിവി കൗൺസിലിൽ 4 കത്തോലിക്കരുണ്ട്. ഗവർമേണ്ടിനു കത്തോലിക്കരോടുള്ള ആദരവും ഇതിൽ നിന്നു കാണാം.

എന്നാൽ ഇനിയും പലേ പ്രാതികൂല്യങ്ങൾ ഇല്ലാതീല്ല. ഇംഗ്ലണ്ടിലെ രാജാവു പ്രോട്ടസ്റ്റൻറുകാരനായിരിക്കണമെന്നാണ് നിയമം. ഒരു കത്തോലിക്കനു ഇന്നത്തെ നിയമങ്ങളനുസരിച്ചു് അവിടെ രാജാവാകാൻ പാടില്ല. ലോർഡ് ചാൻസലർ ആകാനും കത്തോലിക്കനു പാടില്ല. എന്നാൽ ഈ തടസ്സങ്ങൾ ഇംഗ്ലണ്ടിലെ കത്തോലിക്കാസഭയുടെ വളർച്ചയ്ക്കു ഹാനികരമായിരിക്കുന്നില്ല. വിദ്യാഭ്യാസകാര്യത്തിലും കത്തോലിക്കർക്കു വളരെ വിഷമതകൾ ഉണ്ട്. ഇപ്പോഴത്തെ നിയമം അനുസരിച്ചു നോക്കിയാൽ കത്തോലിക്കർ തങ്ങളുടെ മതം പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കണമെന്നുണ്ടെങ്കിൽ അവർ അതിനു പ്രത്യേക പള്ളിക്കൂടങ്ങൾ കെട്ടിയുണ്ടാക്കിക്കൊള്ളേണ്ടതാണ്. ഇതിനു പുറമേ

അവർ വിദ്യാഭ്യാസ കരംകൊടുക്കേണ്ടതായും ഉണ്ട്. വിദ്യാഭ്യാസത്തിൽ പങ്കുകൊള്ളാത്തവർ അതിലേക്കുള്ള കരം കൊടുക്കണമെന്നു വയ്ക്കുന്നതു നീതിയായുള്ളതല്ല. ഈ അനീതിയും മറ്റു അനീതികളുടെകൂട്ടത്തിൽ താമസിയാതെ പരിഹരിക്കപ്പെടുമെന്നാശിക്കാം.

ഒരു മംഗളപത്രം.

മംഗലാപുരം മെത്രാനായ റൈറ്റ് റവ: ഡോക്ടർ ഡിസൂസാ അവർകളുടെ മെത്രാഭിഷേകം കഴിഞ്ഞയവസരത്തിൽ മംഗലാപുരത്തെ വൈദികരും അൽമേനികളും ചേർന്ന് അദ്ദേഹത്തിനു സമർപ്പിച്ച മംഗളപത്രം വായനക്കാരുടെ കൗതുകത്തിനായി പരിതോഷപൂർവ്വമേ ചേർത്തുകൊള്ളുന്നു.

"തിരുമേനിക്കു തിരുവുള്ളമുണ്ടാകട്ടെ.

മംഗലാപുരത്തെ താണനിലത്തു നാട്ടുകാല്പുത്തർക്കുമുൻപു സെൻറ് പ്രാൻസിസ് അസിസിയുടെ കുഞ്ഞാടുകൾ വിതച്ച ക്രിസ്തുമതക്കുരു ഇപ്പോൾ അത്യന്തം ശക്തിയേറിയ ഒരു വൃക്ഷമായി വളരുകയും അതിൻറെ ശാഖകൾ കാനറാമുഴുവൻ കവിഞ്ഞു പുറമേ വ്യാപിക്കയും ചെയ്തിരിക്കുന്നു. പുറമേനിന്നുള്ളകാറ്റും ദോഹങ്ങളും അതിനെ മിക്കവാറും നശിച്ചുനിലയിലാക്കുകയും അകത്തുള്ള ഇടത്തുട്ട അതിനെ ശിഥിലമാക്കാൻ ശ്രമിക്കയും ചെയ്യാതിരുന്നില്ല. എന്നിട്ടും അതിനു ഒരു കോട്ടവും തട്ടിയില്ല. ആ മഹാവൃക്ഷത്തിൻറെ അത്യുത്തമനോജ്ഞമായ പൂവു വിരിഞ്ഞതു ഇന്നേദിവസമാണ്. തിരുസഭയുടെ വാക്കിൽപറഞ്ഞാൽ...."ചിരപ്രതീക്ഷിതമായ ആ ദിനം ഇതാ ഉദിച്ചുകഴിഞ്ഞു"; മംഗലാപുരം സഭയ്ക്ക് ഈ ദിവസം സത്യമായും "കർത്താവുണ്ടാക്കിയ ദിവസം" ആകുന്നു. മംഗലാപുരത്തെ സഭാസൌധം സാരമായതും ഉറപ്പുള്ളതുമാണെന്നു ഭൂമിയിലുള്ള പരമോന്നതനായ അധികാരി പ്രഖ്യാപനംചെയ്ത ദിവസം ഇന്നാകുന്നു. അതേസമയംതന്നെ ആ പരിശുദ്ധപിതാവു മംഗലാപുരം രൂപതയിലെ മക്കളുടെ പ്രിയപ്പെട്ട അഭിലാഷത്തേയും പൂർത്തിയാക്കിയിരിക്കുന്നു. മംഗലാപുരത്തിൻറെ ഒരുത്തമപുത്രനായ അവിടന്നുതന്നെ ഇവിടത്തെ ആദ്യമെത്രാനാക്കപ്പെട്ടിരിക്കുന്നതിലാണ് ഞങ്ങൾക്കു സ

സന്തോഷവും കൃതാർത്ഥതയും ഉളവാകുന്നതു്. ഞങ്ങൾക്കുമുമ്പുള്ളവർ വളരെനാൾ കാണാൻ കൊതിച്ചിരുന്നതും അവക്കു കാണ്മാൻ സാധിക്കാഞ്ഞതുമായ മഹാദിവസം വന്നുകാണ്മാൻ ആയുസ്സുണ്ടായിരുന്നതിൽ ഞങ്ങളുടെ ഹൃദയം സന്തോഷത്താൽ തുളുമ്പുന്നുവെന്നുള്ളതു ഞങ്ങൾ പറയേണമൊ? അതിനാൽ സന്തോഷം കവിഞ്ഞൊഴുകുന്ന ആത്മാക്കളോടുകൂടി മംഗലാപുരം ക്രൂപതയിലെ ഒവൈദികരും അൽമേനികളും ആയ ഞങ്ങൾ എല്ലാവരും സകല നല്ല പൂർണ്ണദാനങ്ങളുടേയും ഉത്ഭവസ്ഥാനമായ സ്വർഗ്ഗത്തിലുള്ള ഞങ്ങളുടെ മഹാപിതാവിന്റെ മുമ്പിലും ഈ അനുഗ്രഹം ഞങ്ങളിൽ വർഷിച്ച അവിടത്തെ ഭൂമിയിലെ വികാരിയും പരിശുദ്ധ പിതാവുമായ മാർപ്പാപ്പായുടെ മുമ്പിലും നമസ്കരിക്കുന്നു. പിന്നീടു ഞങ്ങളുടെ ഹൃദയത്തിൽ നന്ദിതോന്നുന്നതു അതിപ്രശിതന്മാരായിരുന്ന വിദേശ മിഷനരിമാരുടെ പരമ്പരയോടാകുന്നു. അവർ കഴിഞ്ഞ നാലു ശതാബ്ദങ്ങളായി ഒരിക്കൽ അല്ലെങ്കിൽ മറ്റൊരിക്കൽ ഞങ്ങളുടെയിടയിൽ വേലചെയ്കയും വിയർക്കുകയും ഞങ്ങളെ, ഞങ്ങളിന്നു ദൈവത്തിനേറെയും വി. സഭയുടേയും മുമ്പാകെ എന്തായിരിക്കുന്നുവൊ അതാക്കിത്തീർക്കുകയും ഇന്നത്തെ ഈ ഭാഗ്യത്തിന്നായി ഞങ്ങളെ ഒരുക്കുകയുംചെയ്തു.

ഞങ്ങളുടെ രാജ്യത്തു വിശ്വാസ പ്രദീപം ആദ്യമായി കൊളുത്തിയ പ്രാൻസിസ്കൻമാരും, അവരെ തുടർന്നു അതു കെടാതിരിപ്പാൻ വേലചെയ്ത വിവിധ രാജ്യക്കാരായ അന്യസഭക്കാരും; രണ്ടുശതാബ്ദകാലത്തിലധികമായി ഞങ്ങളുടെ ദുഃഖങ്ങളിൽ ഞങ്ങളെ ശുശ്രൂഷിക്കയും ഞങ്ങൾക്കു പല പള്ളികളും പണിഞ്ഞുതരികയും ഞങ്ങൾക്കു പല നല്ല പാരം പഴഞ്ഞളേയും ഭരണക്രമങ്ങളേയും പ്രദാനം ചെയ്കയും ചെയ്ത ഗോവക്കാരായ വൈദികരും വിശേഷിച്ചു് അവരിൽ മഹാനായ തോമസ് ഡികാസ്സൊമെത്രാനും പാവനചരിതനായ ഫാദർ ജോസഫ്വാസും; വിശിഷ്യ പ്രഞ്ച് അൽമേനി പട്ടക്കാരനായിരുന്ന വിശുദ്ധസ്മരണയ്ക്കർഹനായിരുന്ന ഫാദർ അലക്സാൻഡർ ദുബോയും, ബെർണാർഡൈൻ, മൈക്കൽ, മേരിഎപ്രേം, എന്നീ വന്ദ്യ വൈദികാദ്ധ്യക്ഷന്മാരുടെ കീഴ് നാല്പതു കൊല്ലം ഞങ്ങൾക്കു പിതാക്കന്മാർതന്നെ ആയിരിക്കയും ഞങ്ങളുടെ പുത്രന്മാക്കും പുത്രിമാക്കും മതജീവിതത്തിന്റെ വാതിലുകളെ തുറന്നുകൊടുക്കുകയും രാജ്യം മുഴുവൻ തങ്ങളുടെ വിശുദ്ധ ജീവിതമഹിമയാൽ സുഗന്ധപൂരിതമാക്കിച്ചെയ്കയും ചെയ്ത കമ്മലീത്താക്കാരും; പ്രസിദ്ധന്മാരായ പഗനി, കവലീനി, പെറിനി എന്നീ മെത്രാന്മാരുടെകീഴ് അരശതാബ്ദം വേലചെയ്തു്, ഞങ്ങളുടെ വൈദികക്കും അൽമേനികൾക്കും നല്ല വിദ്യാഭ്യാ

സം നൽകുകയും ഞങ്ങളുടെ മിഷ്യനരി പരിശ്രമങ്ങളേയും ധർമ്മപരിശ്രമങ്ങളേയും അഭിവൃദ്ധിപ്പെടുത്തി ഞങ്ങളുടെ രൂപതയെ അതിന്റെ ഇന്നത്തെ പ്രതാപമായ ഭരണത്തിന്നു തയാറാക്കുകയുംചെയ്ത ജെസ്വിത്തന്മാരും ഞങ്ങളുടെ കൃതജ്ഞതയെ അർഹിക്കുന്നവരാണ്. എല്ലാവരും ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവരായിരിക്കട്ടെ. അവരുടെ സ്മരണ സർവ്വകാലവും അനുഗ്രഹിക്കപ്പെട്ടതായും ഇരിക്കട്ടെ.

ഇനി ഞങ്ങൾ അങ്ങയുടെ നേരെ തിരിയട്ടെ. അങ്ങയെ എല്ലാംകൊണ്ടും ഞങ്ങളുടെ സ്വന്തം ആളെന്നുവിളിപ്പാൻ അവകാശമുണ്ട്. അങ്ങയെ കാരുണ്യവാനായ ദൈവം ഈ ചരിത്രപ്രസിദ്ധമായ ദിനത്തിൽ മംഗലപുരം വൈദികസിംഹാസനത്തിൽ ആരോഹിപ്പിച്ചിരിക്കുന്നു. ഈ സിംഹാസനമാകട്ടെ കഴിഞ്ഞകാലങ്ങളിൽ മൂന്നു സഭക്കാരായ—തിയേറ്റയിൻ, കർമ്മലീത്താ, ജെസ്വിത്താ എന്നീ സഭക്കാരായ മെത്രാന്മാരാൽ വിശുദ്ധീകരിക്കപ്പെട്ടതാകുന്നു. ഇപ്രകാരമുള്ള സിംഹാസനത്തെ അധിരോഹണം ചെയ്തിരിക്കുന്ന അങ്ങയോടു ഞങ്ങളുടെ ആത്മാക്കളിലുള്ള സന്തോഷത്തെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

അതെ, ഞങ്ങൾ ഭാഗ്യവാന്മാർതന്നെ. ഞങ്ങൾക്കു സ്വന്തം മെത്രാനുണ്ടായതിലും അതു അങ്ങുന്നായതിലും ഞങ്ങൾ ദ്വിധാ ഭാഗ്യവാന്മാർതന്നെ. മുമ്പിലത്തെ മെത്രാന്റെ സെക്രിട്ടരി എന്നനിലയിൽ കഴിഞ്ഞ പത്തു കൊല്ലക്കാലമായി അവിടത്തെ അറിവാനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായിട്ടുണ്ട്. പലവിധത്തിൽ ഞങ്ങൾ അവിടുന്നുമായി ഇടപെട്ടിട്ടുണ്ട്. അങ്ങിനെ അങ്ങയുടെ ഗുണങ്ങളെ ഞങ്ങൾ വിലമതിക്കാൻ പഠിച്ചിരിക്കുന്നു. സർവ്വശക്തനായ ദൈവം അദ്ദേഹത്തിന്റെ തിരിഞ്ഞെടുക്കപ്പെട്ട ജനത്തോടു ചെയ്തിട്ടുള്ള 'എന്റെ മനസ്സിനൊത്തവണ്ണം ഞാൻ നിങ്ങൾക്കിടയന്മാരെ തരും' എന്ന വാഗ്ദാനം അങ്ങയിൽ നിവൃത്തിയാക്കപ്പെട്ടിരിക്കുന്നുവെന്നും ഞങ്ങൾ ആശിക്കുന്നു.

ഞങ്ങൾ അതിനാൽ അങ്ങയെ ഞങ്ങളുടെ ഇടയനായി സർവ്വാദരങ്ങളോടും ഭക്തിയോടും സ്വീകരിക്കയും അങ്ങയോടു ഞങ്ങളുടെ ഹൃദയങ്ങളുടെയും മനസ്സുകളുടേയും അഗാധമായ വണക്കങ്ങളെ ഉന്നത്തിക്കയും ചെയ്തുകൊള്ളുന്നു. അങ്ങയുടെ കുഞ്ഞാടുകളായ ഞങ്ങളെ അഭിസംബോധനാചെയ്തുള്ള അങ്ങയുടെ ആദ്യത്തെ ഇടയലേഖനം ഞങ്ങളെയെല്ലാം നന്നായി സ്പർശിക്കയും ഞങ്ങളിൽനിന്നു തൽക്ഷണം സഹകാരപൂർവ്വമായ ഉത്തരം പുറപ്പെടുവിക്കയും ചെയ്തിരിക്കുന്നു. അങ്ങുന്നു ആവശ്യപ്പെട്ട

ന്നതായ ഞങ്ങളുടെ സഹകരണം എല്ലായ്പോഴും പൂർണ്ണമായും ഉദാരമായും ഉണ്ടാകുന്നതാണെന്നു ഞങ്ങൾ ഉറപ്പുപറഞ്ഞുകൊള്ളുന്നു. ദൈവമഹിമക്കായുള്ള അവിടത്തെ ഉന്നതാദർശങ്ങളെല്ലാം പൂർണ്ണമായി ഫലിപ്പിക്കുന്നതും ഏതു ശ്രുപതയുടെ സേവയിൽ അവിടത്തെ ജീവിതം അർപ്പിക്കപ്പെട്ടിരിക്കുന്നുവൊ ആ ശ്രുപതയുടെ ശ്രുശ്രൂഷയെ സംബന്ധിച്ചുമായ എതൃയും ഭാരപ്പെട്ടജോലി അവിടത്തെ കാത്തുനില്ക്കുന്നു. അവിടത്തെ ശ്രുഷയിൽ പതിയേണ്ടതായ ഏതാനും ചില സംഗതികളെമാത്രം ഞങ്ങളിവിടെ വിനീതമായി മൂണ്ടിക്കാണിക്കാം. ക. സഭയുടെ വൈദീക സൈന്യത്തിന്റെ മുഖ്യഭാഗമായ ശ്രുപതപട്ടക്കാരുടെ എണ്ണം വർദ്ധിപ്പിക്കയും സ്ഥലത്തെ സെമിനറിയിൽ അവരെ വിദ്യാഭ്യാസം ചെയ്യിക്കയും അതിൽ തിരഞ്ഞെടുക്കപ്പെടുന്നവരെ അന്യ പ്രധാനസ്ഥലങ്ങളിലും വിശേഷിച്ചു റോമിലും അയച്ചു ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്യിക്കയുംചെയ്ക. ഖ. സന്യാസവൈദീകരുടെ സംഖ്യ വർദ്ധിപ്പിക്കയും സമ്പ്രദായം നന്നാക്കുകയും ചെയ്ക. "ഇക്കാലങ്ങളിൽ പ്രത്യേകമായാവശ്യമുള്ള ഉപസൈന്യങ്ങൾ അവരാണ്". അവരുടെ ഉത്സാഹവും പരിശ്രമങ്ങളും മെത്രാനു ശ്രുശ്രൂഷയിലും ധർമ്മപ്രവൃത്തികളിലും യഥാവസരം വിലയേറിയ സഹായമായിത്തീരുന്നതാണ്. ഗ. "ദൈവത്തിന്റെ സഭയിൽ ഏതൃയും സ്ഥിതിചെയ്യപ്പെടുന്ന" സന്യാസിനികളുടെ സംഖ്യ വർദ്ധിപ്പിക്കുക. അവർ നമ്മുടെ സ്ത്രീകളിലും ആസ്പത്രികളിലും അനാഥശാലകളിലും മറ്റു സ്ഥാപനങ്ങളിലും ദൈവദൂതന്മാരെപോലെ ശ്രുശ്രൂഷചെയ്യുന്നതാകുന്നു. ഘ. നമ്മുടെ ജനങ്ങൾക്കു—വിശേഷിച്ചും ശ്രുപതയുടെ ഉൾഭാഗങ്ങളിൽ—ധാരാളം പള്ളികൾ ഉണ്ടാക്കിക്കൊടുക്കുക. ങ. വാസ്തവത്തിൽ നല്ല ഫലമുള്ളതും എന്നാൽ വേലക്കാർ ഇനിയും മതിയായിട്ടില്ലാത്തതുമായ മിഷ്യൻ പ്രദേശങ്ങളിലെ പരിശ്രമങ്ങളെ അഭിവൃദ്ധിപ്പെടുത്തുക. ന. അക്ഷരാഭ്യാസമില്ലാത്ത നമ്മുടെ ജനങ്ങൾ അധികമായുള്ള ഗ്രാമങ്ങളിൽ വിദ്യാഭ്യാസത്തെ പ്രചരിപ്പിക്ക. ച. ഇന്നുള്ള ധർമ്മസ്ഥാപനങ്ങളെ അധികമാക്കി ഞങ്ങളുടെയിടയിൽ പലേ ശ്രുപങ്ങളിലുള്ള അരിഷ്ടതയെയും ദാരിദ്ര്യത്തെയും നിവാരണം ചെയ്ക. ഇവയേയും നമ്മുടെ ശ്രുപതയുടെ മറ്റാവശ്യങ്ങളേയുംകുറിച്ച് ഞങ്ങൾക്കറിവുള്ളതിലധികമായി അവിടത്തേയ്ക്കറിവുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നു. "സത്യം ഉപവിയിൽ" എന്ന അവിടത്തെ അത്ഗംഭീരമായ മുദ്രാവാക്യംതന്നെ അവിടന്നു ഞങ്ങൾക്കുവേണ്ടി ചെയ്യാൻ വിചാരിച്ചിരിക്കുന്നവയേയും അവയെ ചെയ്യുന്ന സമ്പ്രദായത്തേയുംകുറിച്ചു വളരെയെല്ലാം പറയുന്നുണ്ട്. ഇനി ഞങ്ങൾ

ചെയ്യേണ്ടതായിരിക്കുന്നതു് ഞങ്ങൾക്കുവേണ്ടി അവിടുന്നു ചെയ്യുന്ന എ
ല്ലാ പരിശ്രമങ്ങളിലും വിനയത്തോടും അനുസരണത്തോടും നിഷ്കളങ്കത
യോടും സഹകരിക്കുകയാണു്. നമ്മുടെ ശ്രുപതയുടേയും രാജ്യത്തിന്റേ
യും ആത്മീയവും ലൗകികവും ആയ അഭിവൃദ്ധിയ്ക്കുതകുന്ന അവിടത്തെ എ
ത്രയും ചെറിയ ആഗ്രഹങ്ങളെപോലും നിവൃത്തിക്കുന്നതിൽ ഞങ്ങൾ എ
ങ്ങിനെ സഹകരിക്കുമെന്നുള്ളതു ഞങ്ങൾ അവിടത്തെ ഉത്സാഹസന്തോ
ഷങ്ങളോടെ സല്ക്കരിച്ചതിലും അവിടത്തെ ഞങ്ങളുടെ മെത്രാനായി അ
ഭിഷേകംകഴിച്ചദിവസം ഞങ്ങൾക്കുണ്ടായ നിഷ്കളങ്കമായ ആനന്ദത്തിലും
നിന്നു മനസ്സിലാക്കാവുന്നതാണു് അവിടത്തെ പരമോന്നതമായ ഉ
ദ്യോഗനിർവ്വഹണത്തിന്നായി സ്നേഹസ്വരൂപനായ ദൈവം അങ്ങ
യുടെമേൽ തന്റെ വരപ്രസാദങ്ങൾ ധാരാളമായി വർഷിക്കയും അങ്ങ
യിൽക്കൂടി അതു മക്കളായ ഞങ്ങളുടെമേൽ "അഹറോന്റെ താടിവഴിഞ്ഞ്
ഉപരിവസ്ത്രത്തിന്മേലൊഴുകിയ ലേപനത്തെപോലെയും സിയോൺ മല
മേലിറങ്ങിയ ഹെർമന്റെ മഞ്ഞിനെപ്പോലെയും" പ്രവഹിക്കട്ടെ. അ
വിടുന്നു ദീർഘമായും ശാന്തമായും ദൈശ്വര്യപൂർണ്ണമായും മിസ്സം ഭരിപ്പാനും
നമ്മുടെ പ്രിയപ്പെട്ട ശ്രുപതയെ "കർത്താവിന്റെ കൈയിലെ പ്രതാപ
ത്തിന്റെ കിരീടവും നമ്മുടെ ദൈവത്തിന്റെ കയ്യിലെ ഒരു രാജമുടി
യും" ആക്കിത്തീർക്കുന്നതും ദൈവം അനുഗ്രഹിക്കട്ടെ. ഈ സന്തോഷ
കരമായ അവസരത്തിന്റെ ഒരു സ്മാരകമായും ഞങ്ങളുടെ സ്നേഹത്തി
ന്റേയും ഭക്തിയുടേയും ഒരു ചെറിയ അടയാളമായും ഞങ്ങൾ ഈ മോ
ട്ടോർ വാഹനം അങ്ങയ്ക്കു ദാനം ചെയ്യുന്നു. ഇതു ഞങ്ങളെല്ലാവരുംകൂ
ടി സന്തോഷപൂർവ്വം പണംപിരിച്ചു വരുത്തിയതാണു്. ഞങ്ങളുടെ ശ്രു
പതയിൽ സഞ്ചരിക്കുന്നതിൽ അവിടത്തേയ്ക്കു വരാവുന്ന ദേഹക്ഷീണ
ത്തെ ലഘൂകരിക്കുന്നതിനു പുറമേ അതു അവിടത്തെ സഭാഭരണത്തിന്റെ
ഒരു അടയാളമായിരിക്കയും ചെയ്യും. അവിടത്തെ പൈതൃകമായ അനു
ഗ്രഹം അവിടത്തെ ശ്രുപതയുടെ മക്കളായ ഞങ്ങൾക്കെല്ലാവർക്കും തരു
ന്നതിനു യാചിച്ചുകൊള്ളുന്നു. മ്ശിഹായിൽ അവിടത്തെ എത്രയും അ
നുസരണമുള്ള മക്കളായ മംഗലാപുരം ശ്രുപതയിലെ വൈദികരും
അൽമേനികളും.

റബ്ബിഡോക്ടർ എമ്മാനുവൽ സ്റ്റെയിൻ എന്ന യഹൂദൻ കത്തോലി
ക്കാസഭയിൽ ചേർന്നിരിക്കുന്നു.

"കഥാചന്ദ്രിക"യുടെ വരിസംഖ്യ.

കൊല്ലത്തിൽ ഏകദേശം ഒരു പ്രതിയ്ക്ക് ഏണാ രൂപ വീതം. ഓരോ മാസത്തെ വരിസംഖ്യയെങ്കിലും മുൻകൂട്ടി അടയ്ക്കാതെയുള്ള അപേക്ഷകൾ സ്വീകരിയ്ക്കുന്നതല്ല.

മാനേജിങ്ങ് എഡിറ്റർ. "കഥാചന്ദ്രിക"

മെത്രാപ്പൊലീത്തൻപള്ളി, എറണാകുളം.

അറിയിപ്പ്.

വല്ലകൾ മുഴുവനായി തയ്യാറാക്കിക്കൊടുക്കുക, സ്വർണ്ണപ്പൂക്കൾ വെച്ചുകൊടുക്കുക, പലനാളുകൊണ്ടു പിഴുതെടുക്കുക, മാലകളും വള്ളികൾ വെള്ളിക്കൊണ്ടു അടുക്കുക മുതലായ ജോലികൾ മിതമായ നിരക്കിൽ എപ്പോഴും ഭംഗിയായിട്ടു ചെയ്തുകൊടുക്കുന്നതാണ്. എപ്പോഴിവസവും ദിനക്കാരെ സ്വീകരിക്കുന്നു. പരിശോധനകൾക്കും ഉപദേശങ്ങൾക്കും പ്രതിഫലം ആവശ്യമില്ല. ഓർഡർ പ്രകാരമുള്ളതുകൊണ്ടുതന്നെ ആദ്യം പൂർണ്ണതൃപ്തിവരുത്തുന്നു.

ഡാക്കർ സി. കെ. ലാസർ, സി. ഡി എസ്സ്,

ബ്ലോക്ക് ചെ, — എറണാകുളം.



ചേലേ കിഴിക്കുക്കളും

വിശുദ്ധചിത്രങ്ങളും ലഭിച്ചിട്ടുള്ള

ഒജ. അഗസ്റ്റിൻ പൗലോ ആർ സണൻസ്

ഐ. എസ്. പ്രസ്സ് റോഡ്, എറണാകുളം.

സകലവിധ അർത്താരുപണികൾ, മിനുക്കുവേല, പോട്ടോ വലുതാക്കൽ, കൊത്തുരൂപങ്ങൾ (മരത്തിലും മണ്ണിലും ഓടിലും) ചെയ്തുകൊടുക്കുന്നതാണ്. സ്വാഭാവിക വർണ്ണങ്ങൾ, വിശിഷ്ടതങ്കലേഖ, ജീവതുല്യമായ പളുങ്കുകണ്ണുകൾ.

കേരളത്തിലെ മെത്രാന്മാരാൽ അംഗീകരിക്കപ്പെട്ടവരാണ് ഞങ്ങൾ എന്നുള്ളതിന് ഈ പടങ്ങൾ തന്നെ തെളിവായിരിക്കുന്നു. മിതമായ വിലയിൽ ചെയ്തുകൊടുക്കുന്നു.

Printed and published by Rev. Jacob Naduvati, at the "Mar Louis Memorial" Press — Ernakulam.